# ദി ഡിഫെൻഡർ

Vol. No. 8 Issue No. 11 RNI Reg. No. 68089 / 97 Published From Perumbavoor 2005 JUNE 1

# തൃശൂർ ഐ.പി.സി.യിലെ പ്രശ്നം കോടതികയറുന്നു

തൃശൂരിലെ ഐ.പി.സി. സഭകളിൽ രണ്ടു വർഷം മുൻപ് ഉണ്ടായ പ്രശ്നങ്ങൾ ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്. ഏബ്രഹാമിന്റെ ഇടപെടലോടെ ഗുരുതരമായിരിക്കയാണ്. സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് ടി.എസ്.ഏബ്രഹാം എടുത്ത ചില തീരുമാനങ്ങളാണ് പ്രശ്നം വഷളാക്കിയത്.

കേരള സ്റ്റേറ്റ് കൗൺസിലിന് പുല്ലു വില പോലും കല്പിക്കാതിരിക്കുക എന്നത് ടി.എസ്.ഏബ്രഹാമിന്റെ സ്ഥിരം പരിപാടിയാണ്. തിരുവല്ലയിലുള്ള സഭ കുമ്പനാട് സെന്ററിൽ ആക്കിയതും വൈക്കം സെന്ററിലെ ട്രാൻസ്ഫർ കാര്യത്തിൽ അനാവശ്യമായി ഇടപെട്ടതും ഏറ്റവും പുതിയ ഉദാഹരണങ്ങളാണ്. ഇതിലും ഗുരുതരമായ ഒരു ഹീന കൃത്യമാണ് ടി.എസ്.ഏബ്രഹാം തൃശൂരിൽ ചെയ്തത്.

അധികാരമോഹിയായ സി.സി.ചാക്കോ സെന്റർ പാസ്റ്റർ ആകാൻ നടത്തിയ ശ്രമങ്ങൾ തൃശൂരിലുള്ള എല്ലാ ഐ.പി.സി. സഭകളേയും ബാധിച്ചു. തൃശൂർ ഭാഗത്ത് നിലവിലുള്ള സെന്ററുകളിൽ നിന്നും ശുശ്രൂഷകരേയും സഭകളേയും തട്ടിയെടുത്ത് ഒരു പുതിയ ഐ.പി.സി. സെന്ററിന് രൂപം കൊടുക്കുകയും ചെയ്തു. പക്ഷേ, ഈ ദുർന്നടപടിക്ക് ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ അംഗീകാരം കൊടുത്തില്ല.

കെ.ഇ.ഏബ്രഹാമിന്റെ മകനായി ജനിച്ചുപോയി എന്നതിൽ കവിഞ്ഞ് ആത്മീയതയുമായി ഒരു ബന്ധവുമില്ലാത്ത ടി.എസ്.ഏബ്രഹാം ദുർന്നടപ്പ്, മോഷണം, അധികാര ദുർവ്വിനിയോഗം തുടങ്ങി എന്തും ചെയ്യാൻ മടിയില്ലാത്ത ആളാണ്. ഇത്തരം പരിപാടികൾ നടത്തുന്നവർക്ക് എല്ലാവിധ ഒത്താശകളും അദ്ദേഹം ചെയ്തുകൊടുക്കാറുമുണ്ട്. അതുകൊണ്ട് സി.സി.ചാക്കോയ്ക്ക് ഒത്താശ ചെയ്യാൻ ടി.എസ്. ഏബ്രഹാം തീരുമാനിച്ചതിൽ അത്ഭുതമില്ല.

തൃശൂരിൽ പുതിയ സെന്റർ രൂപീകരിക്കാനുള്ള പദ്ധതിക്ക് സ്റ്റേറ്റ് കൗൺസിൽ തടയിട്ടതോടെ സി.സി.ചാക്കോ ടി.എസ്. ഏബ്രഹാമിനെ അഭയം ചൊല്ലി. അതിന്റെ ഫലമായി ടി.എസ്.ഏബ്രഹാം 2004 ഒക്ടോബർ 24ന് സ്റ്റേറ്റ് കൗൺസിലിന് നൽകി: പക്ഷേ, സി.സി.ചാക്കോയുടെ ദുർന്നടപടിക്ക് കൂട്ടു നിൽക്കാൻ സ്റ്റേറ്റ് കൗൺസിൽ തയ്യാറായില്ല.

ഏതു വളഞ്ഞ വഴി ഉപയോഗിച്ചും സി.സി.ചാക്കോയെ സഹായിക്കാൻ തീരുമാനമെടുത്തു കഴിഞ്ഞിരുന്ന ടി.എസ്.ഏബ്രഹാം താഴെ കാണുന്നവിധം ഒരു ഉത്തരവിറക്കിക്കൊണ്ട് അത് നടപ്പിലാക്കി:

''ഇൻഡ്യാ പെന്തക്കോസ്തു ദൈവസഭയിൽ തൃശൂർ ഭാഗത്തുള്ള സഭകളിൽ കഴിഞ്ഞ പല വർഷങ്ങളായി നിലവിലിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കേരള സ്റ്റേറ്റ് കൗൺസിലിന് കഴിയാതെ വന്നപ്പോൾ, ഐ.പി.സി. ഭരണഘടന Article XX Clause 1 അനുസരിച്ച്,

''പാസ്റ്റർ സി.സി. ചാക്കോയും കൂടെയുള്ള ശുശ്രൂഷകന്മാരും സഭകളും ചേർന്ന് ഐ.പി.സി. ജനറൽ കൗൺസിലിലേക്ക് നൽകിയ അപ്പീൽ അപേക്ഷ പരിഗണിച്ച് അടിയന്തിരാവസ്ഥ മനസ്സിലാക്കി ഭരണഘടന Article VIII, Section I, Clause 4 അനുസരിച്ച് ഐ.പി.സി. ജനറൽ പ്രസിഡന്റ് ടി ശുശ്രൂഷകന്മാരേയും സഭകളെയും താൽക്കാലികമായി ജനറൽ പ്രസിഡന്റിന്റെ ചുമതലയിലും മേൽനോട്ടത്തിലും ആക്കുകയും 12.04.05-ൽ കൂടിയ ജനറൽ കൗൺസിൽ, ജനറൽ പ്രസിഡന്റിന്റെ തീരുമാനത്തെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നതിനാൽ പാസ്റ്റർ സി.സി. ചാക്കോയും കൂടെയുള്ള ശുശ്രൂഷകന്മാരും സഭകളും ഐ.പി.സി.യിൽ ജനറൽ കൗൺസിലിന്റെ കീഴിൽ ജനറൽ പ്രസിഡന്റിന്റെ ചുമതലയിലും മേൽനോട്ടത്തിലും ഉള്ള സഭകളായി കുമ്പനാട് സഭ ആസ്ഥാനത്തിൽ നിന്നും പ്രഖ്യാപിച്ചുകൊള്ളുന്നു.''

ഐ.പി.സി. ജനറൽ കൗൺസിലിൽ ടി.എസ്.ഏബ്രഹാമിന്റെ തിരുവായ്ക്ക് എതിർവായ് ഇല്ലല്ലോ. അതുകൊണ്ട് ടി.എസ്.ഏബ്രഹാമിന്റെ പ്രഖ്യാപനം ജനറൽ കൗൺസിൽ അംഗീകരിച്ചു.

''തൃശൂർ ഡിസ്ട്രിക്ടിൽ പാസ്റ്റർ സി.സി. ചാക്കോയേയും തന്നോട് കൂടെയുള്ള സഭകളേയും, ശുശ്രൂഷകന്മാരേയും വിശ്വാസികളേയും സഭകളുടെ സ്ഥാവര ജംഗമ വസ്തുക്കൾ സഹിതം താൽക്കാലികമായി ഐ.സി.പി. ജനറൽ പ്രസിഡന്റിന്റെ ചുമതലയിലും ഭരണത്തിൻ കീഴിലും ആക്കിയിരിക്കുന്നു എന്നുള്ള 03.03.05ലെ ഐ.പി.സി. ജനറൽ പ്രസിഡന്റിന്റെ തീരുമാനത്തെ 12.04.2005ൽ കൂടിയ ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകരിച്ച് സ്ഥിരീകരിച്ചിരിക്കുന്നു.''

ഈ സെന്ററിലെ സഭകളിൽ സ്ഥലംമാറ്റവും ടി.എസ്.ഏബ്രഹാം തന്നെ നത്തി. പക്ഷേ, പ്രശ്നം ഇവിടെകൊണ്ട് അവസാനിക്കുന്ന മട്ടില്ല. ഈ അനീതിയ്ക്കെതിരെ നിയമപരമായി പോരാടാനാണ് തൃശൂരിലുള്ള ഭൂരിപക്ഷം ഐ.പി.സി. സഭകളുടേയും തീരുമാനം.

## – ചാനൽ തട്ടിപ്പ് –
## കെ.സി.ജോണിന് മൗനം

ചാനലിന്റെ പേരിൽ കോടികൾ തട്ടിയെടുത്ത കെ.സി. ജോൺ ഇപ്പോൾ ചാനലിനേക്കുറിച്ച് ഒരക്ഷരം പോലും മിണ്ടുന്നില്ല. കുറച്ചുകാലം മൗനമായിരുന്നാൽ എല്ലാവരും ഈ കാര്യം മറക്കുമെന്നും അതോടെ ഈ വകയിൽ പിരിച്ചെടുത്ത പണം കീശയിലാക്കാമെന്നും കെ.സി.ജോൺ കണക്കു കൂട്ടുന്നു.

പവർ വേഡ് മിനിസ്ട്രി എന്ന പേരിൽ ഒരു തട്ടിപ്പ് പ്രസ്ഥാനം തട്ടിക്കൂട്ടിയെടുത്തുകൊണ്ടാണ് കെ.സി.ജോൺ തട്ടിപ്പിന് തുടക്കമിട്ടത്. ഇന്ത്യയെ സുവിശേഷം കൊണ്ട് നിറയ്ക്കുമെന്നൊക്കെയായിരുന്നു വീരവാദം. കുറച്ചധികം പണം ഈ വകയിൽ പിരിച്ചു. നാലഞ്ച് യോഗങ്ങൾ നടത്തിയിട്ട് ഈ പരിപാടി അവസാനിപ്പിച്ചു.

അതു കഴിഞ്ഞാണ് പവർ വിഷൻ ചാനലിന്റെ പേരിൽ തട്ടിപ്പ് തുടങ്ങിയത്. ആകെ 25 കോടി രൂപ ചെലവ് വരുമെന്നും അതിന്റെ മൂന്നിൽ ഒന്ന് കിട്ടിക്കഴിഞ്ഞെന്നും കെ.സി.ജോൺ ഒരു വർഷം മുൻപ് പത്രസമ്മേളനം നടത്തി പറഞ്ഞതാണ്. അതിനുശേഷം ലോകമെമ്പാടും പോയി പണം പിരിക്കയും ചെയ്തു. എല്ലാംകൂടി ചേർത്ത്



എത്ര രൂപ കിട്ടിയെന്ന് കെ.സി. ജോൺ വെളിപ്പെടുത്തിയിട്ടില്ല. എങ്കിലും അനേക കോടി രൂപ കിട്ടിയെന്നതിന് സംശയമില്ല.

ചാനലിന്റെ കാര്യം മിണ്ടാതിരുന്നാൽ ഈ പണം കെ.സി.ജോണിന്റെ പോക്കറ്റിലെത്തും എന്നു തീർച്ച. പക്ഷേ, ഡിഫെൻഡർ ഈ പ്രശ്നം അങ്ങനെയങ്ങ് വിടാൻ ഉദ്ദേശിക്കുന്നില്ല. നിയമപരമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഈ തട്ടിപ്പിനെതിരെ ഡിഫെൻഡർ പോരാടും.

## വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ: റിക്കാഡിംഗ് തുടങ്ങി

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ ടി.എസ്. ബാലൻ പുറത്തിറക്കുന്ന സി.ഡി.കളുടെ റിക്കാഡിംഗ് ആരംഭിച്ചു. ജൂൺ അവസാന ആഴ്ചയിൽ ആദ്യ സി.ഡി. പുറത്തിറങ്ങും.

രക്ഷയെ ബാധിക്കുന്ന സുപ്രധാന ഉപദേശ വിഷയങ്ങളാണ് ആദ്യ സി.ഡിയിൽ ഉണ്ടാകുക. വീണ്ടും ജനനം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങി സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ ലളിതമായ ഭാഷയിൽ വിവരിക്കുകയാണ് ചെയ്യുന്നത്. വിശ്വാസികൾക്കും ശുശ്രൂഷകൻമാർക്കും ഈ സി.ഡി. സഹായകമാകും. അവിശ്വാസികളായ ബന്ധുമിത്രാദികൾക്ക് സമ്മാനമായി കൊടുക്കാനും ഈ സി.ഡി. ഉപയോഗിക്കാം.

ഏകദേശം 12 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണ് ഈ സി.ഡിയിൽ ഉള്ളത്. കിഴവിക്കഥകളും പ്രാസപ്രയോഗങ്ങളും വിലകുറഞ്ഞ തമാശകളും പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. ദൈവവചനം തികഞ്ഞ ഗൗരവത്തിൽ പഠനവിധേയമാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. പേരുപറഞ്ഞുള്ള വിമർശനങ്ങളും ഈ സി.ഡികളിൽ ഉണ്ടാകില്ല.

ഒരു സി.ഡിക്ക് നൂറു രൂപ എന്ന ക്രമത്തിൽ 10 സി.ഡിക്ക് 1000 രൂപയാണ് വില. എന്നാൽ ഇപ്പോൾ പണം അടയ്ക്കുന്നവർക്ക് 750 രൂപയ്ക്ക് മുഴുവൻ സി.ഡികളും ലഭിക്കും. ജൂൺ മുതൽ മാസത്തിൽ ഒരു സി.ഡി. എന്ന ക്രമത്തിലാണ് ലഭിക്കുക.

കൾട്ട്, ഒക്കൾട്ട്, മതങ്ങൾ, ദുരുപദേശങ്ങൾ തുടങ്ങി ദൈവമക്കൾ അറിഞ്ഞിരിക്കേണ്ട എല്ലാ വിഷയങ്ങളും ഈ സി.ഡികളിൽ ഉണ്ടാകും.

അവസാനത്തെ മൂന്നു സി.ഡികൾ സംശയ നിവാരണത്തിനുള്ളതാണ്. ബൈബിളുമായി ബന്ധപ്പെട്ട് വായനക്കാർക്കുള്ള സംശയങ്ങൾക്ക് ഈ മൂന്നു സി.ഡികളിലൂടെ മറുപടി ലഭിക്കുന്നതാണ്. മറുപടി ലഭിക്കേണ്ട ചോദ്യങ്ങൾ ഡിഫെൻഡർ ഓഫീസിലേക്ക് അയച്ചുതരിക.

വലിയ പണച്ചെലവ് വരുന്ന ഒരു സംരംഭമാണിത്. ദൈവമക്കളുടെ സഹായം കൂടാതെ ഇത് പൂർത്തീകരിക്കാൻ കഴിയുകയില്ല. ഒരു സെറ്റ് സി.ഡിക്കുള്ള 750 രൂപ അയച്ചുതന്നോ സി.ഡിയുടെ ഉല്പാദന ച്ചെലവിലേക്ക് സംഭാവന തന്നോ ഈ സംരംഭവുമായി സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

## വരുന്നൂ പെന്റിയം ഡി




ഇന്റൽ കമ്പനി പുതിയ പ്രൊസസ്സർ പുറത്തിറക്കുന്നു. പെന്റിയം ഡി എന്ന് പേരിട്ടിരിക്കുന്ന ഈ പ്രൊസസ്സർ നിലവിലുള്ള ഏതു പ്രൊസസ്സറിനേക്കാളും ശക്തിയുള്ളതായിരിക്കും. ഏകദേശം 30,000 രൂപയായിരിക്കും വില.

വിവിധതരം ജോലികൾ ഒരേ സമയം ചെയ്യാൻ കഴിവുള്ളതാണ് പുതിയ പ്രൊസസ്സർ. ഒരു വർഷത്തിനകം പുതിയ പ്രൊസസ്സർ മാർക്കറ്റ് കീഴടക്കും എന്നാണ് ഇന്റൽ കണക്കു കൂട്ടുന്നത്.

ദി ഡിഫെൻഡർ

Vol. No.8 Issue No. 11 2005 June 1

# അഴിമതിക്കാർക്ക് ഓശാന പാടിയാൽ

മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി അഴിമതിക്കാരെ പരസ്യമായി സഹായിക്കുന്ന നിലവാരത്തിലേക്ക് തരം താണതായി സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നു. അത്യന്തം അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത് എന്ന് പറയാതെ വയ്യ.

ശ്രീ എ.കെ.ആന്റണിയേക്കുറിച്ച് മറ്റെന്തൊക്കെ പറഞ്ഞാലും ആന്റണി അഴിമതിക്കാരനാണെന്ന് ശത്രുക്കൾ പോലും പറയുമായിരുന്നില്ല. എന്നാൽ ഉമ്മൻ ചാണ്ടിയേക്കുറിച്ച് നിരവധി അഴിമതിയാരോപണങ്ങൾ ഇതിനോടകം വന്നുകഴിഞ്ഞു. പക്ഷേ, അതൊക്കെ ശത്രുക്കൾ പറഞ്ഞു പരത്തുന്ന കള്ളങ്ങളാണ് എന്നത്രേ ഭൂരിപക്ഷം ആളുകളും കരുതുന്നത്. എന്നാൽ ഈയിടെയായി ഉമ്മൻ ചാണ്ടി ചെയ്തുകൂട്ടുന്ന കാര്യങ്ങൾ സസൂഷ്മം വീക്ഷിച്ചാൽ അദ്ദേഹം അഴിമതിക്കാർക്ക് സഹായകരമായ നിലപാടാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാകും. ചില ഉദാഹരണങ്ങൾ:

വിജിലൻസ് എസ്.പി. ആയി പി.സി.മുഹാജിർ ചാർജ് എടുത്ത് ഒരു മാസം തികയുന്നതിനു മുൻപ് അദ്ദേഹത്തെ തൃശൂർ സ്പെഷ്യൽ ബ്രാഞ്ചിലേക്ക് സ്ഥലം മാറ്റി. കാലടി കേന്ദ്രീകരിച്ചു നടക്കുന്ന മണൽക്കൊള്ള തടയാൻ അദ്ദേഹം കഴിഞ്ഞ ദിവസങ്ങളിൽ എടുത്ത നടപടികളും ബ്രഹ്മപുരം താപനിലയവുമായി ബന്ധപ്പെട്ട അഴിമതികളേക്കുറിച്ച് വീണ്ടും അന്വേഷിക്കാൻ പദ്ധതിയിട്ടതുമാണ് ഈ സ്ഥലംമാറ്റത്തിനു കാരണമായതെന്ന് വ്യക്തം.

ഇപ്പോഴിതാ ശ്രീ ഉമ്മൻ ചാണ്ടി വിജിലൻസ് ഡിപ്പാർട്ട്മെന്റുമായിതന്നെ കോമ്പുകോർക്കുന്നു. വിജിലൻസ് ഡയറക്ടർ നടത്തിയ പത്രസമ്മേളനത്തോടെയാണ് പ്രശ്നം ആരംഭിച്ചത്. അത്തരം ഒരു പത്രസമ്മേളനം നടത്താനും അദ്ദേഹം പറഞ്ഞതൊക്കെ പറയാനും വിജിലൻസ് ഡയറക്ടർക്ക് അധികാരമുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്. പക്ഷേ, മുഖ്യമന്ത്രി ഈ പ്രശ്നം കൈകാര്യം ചെയ്തത് ശരിയായ രീതിയിലല്ല എന്ന് വ്യക്തം. വിജിലൻസ് വകുപ്പ് നടത്തിയ സമ്മേളനത്തിൽ നിന്ന് മുഖ്യമന്ത്രി വിട്ടുനിന്നത് ഒട്ടേറെ വിവാദങ്ങൾ ക്ഷണിച്ചു വരുത്തി. മാത്രമല്ല, ഉമ്മൻ ചാണ്ടി വിജിലൻസ് വകുപ്പിനെതിരെ പരസ്യമായി രംഗത്തു വരികയും ചെയ്തു. ഇപ്പോൾ വിജിലൻസ് ഡയറക്ടറെ പുറത്താക്കാൻ ഒരുങ്ങുകയുമാണ്. അഴിമതിക്കാരെ സഹായിക്കുന്നതിൽ ഇത്രയധികം താല്പര്യം കാണിച്ചിട്ടുള്ള മറ്റൊരു മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിട്ടില്ല.

# സത്യം സത്യമായി

''എന്നെ ചൂടാക്കാതിരിക്കയാണ് നല്ലത്'' എന്ന് ലീഡർ സോണിയാഗാന്ധിക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. എത്ര ചൂടാക്കിയാലും ഈ പ്രായത്തിൽ ഒരു അളവിൽ അധികം ചൂടാകാൻ കഴിയുമോ? മാത്രമല്ല, ചൂടായാൽ എന്തു സംഭവിക്കും എന്ന് ലീഡർ പറഞ്ഞിട്ടുമില്ല. അതൊക്കെ കണ്ടറിയണം എന്നായിരിക്കും ലീഡറുടെ മറുപടി എന്നു തോന്നുന്നു. ഏതായാലും ഒരു കാര്യത്തിൽ ലീഡർക്ക് സംശയില്ല: ഒരു സംസ്ഥാനത്തു പോലും തെരഞ്ഞെടുപ്പിൽ ജയിക്കാനുള്ള ശക്തി ഇപ്പോൾ കോൺഗ്രസ്സിനില്ല. സോണിയാഗാന്ധിയുടെ നേതൃത്വം അത്ര കഴിവുകെട്ടതാണ്. ഈ രഹസ്യം ലീഡർ ഇത്രക്കാലം എന്തുകൊണ്ട് മറച്ചുവെച്ചു എന്നേ ഇനി അറിയാനുള്ളൂ.

കഴിഞ്ഞ കാലങ്ങളിൽ ചെയ്തു കൂട്ടിയ അബദ്ധങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞ് കണ്ണീർ വാർക്കുകയാണ് ഈയിടെയായി ലീഡറുടെ മുഖ്യ പരിപാടി. ഇന്ത്യൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പ്രധാനമന്ത്രി, കോൺഗ്രസ്സ് പ്രസിഡന്റ് തുടങ്ങി എന്തു വേണമെങ്കിലും ആകാൻ കഴിയുന്ന അവസരം ലീഡറുടെ മുൻപിൽ ഉണ്ടായിരുന്നെങ്കിലും നല്ലവരിൽ നല്ലവനായ ലീഡർ അതൊക്കെ തൃണവൽഗണിച്ച് കേരളമക്കളെ സേവിക്കാൻ തീരുമാനിച്ചു. ഇത്ര മഹത്തായ ത്യാഗം ഈ ഭൂമിമലയാളത്തിൽ ആരെങ്കിലും ചെയ്തിട്ടുണ്ടോ? പണ്ട് കോഴിക്കോട് പാർലമെന്റ് ടിക്കറ്റ് ആർക്കു കൊടുക്കണമെന്ന വിഷയം ചർച്ച ചെയ്യാൻ തുടങ്ങിയപ്പോൾ ത്യാഗശീലനായ ലീഡർക്ക് മൂത്രശങ്കയുണ്ടായി. ഫലമോ? സീറ്റ് മുരളിക്ക് ലഭിച്ചു.

എം.പി.ഗംഗാധരൻ ഇപ്പോൾ ഏതു പാർട്ടിയിലാണ്? താനിപ്പോഴും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ തന്നെയാണെന്ന് ഗംഗാധരൻ പറയുന്നു. അപ്പോൾ ലീഡറേയും പുത്രനേയും കൈവിട്ടോ? തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലാ കമ്മറ്റികളുടെ രൂപീകരണത്തിൽ ഗംഗാധരന്റെ ശുപാർശ മുരളി സ്വീകരിച്ചില്ലെന്നും അതുകൊണ്ട് ഗംഗാധരൻ മുരളിയുമായി അത്ര രസത്തിലല്ലെന്നും കേട്ടിരുന്നു. അതിനിടയിലാണ് ഗംഗാധരന്റെ പുതിയ വെളിപ്പെടുത്തലുകൾ. ഈ പോക്കു പോയാൽ കടിച്ചതുമില്ല, പിടിച്ചതുമില്ല എന്ന പരുവത്തിലാകുന്ന മട്ടുണ്ട്. ഒരു പോംവഴി പറയാം: പഴയ ഇന്ദിരാജി കോൺഗ്രസ്സ് പൊടിതട്ടി എടുക്കുക. അതിൽ ഗംഗാധരനല്ലാതെ മറ്റാരും ഇല്ലാത്തതുകൊണ്ട് ഒരു പ്രശ്നവും ഉണ്ടാകാനുള്ള സാദ്ധ്യതയുമില്ല.

ശല്യക്കാർ പുറത്തു പോയതുകൊണ്ട് സംഘടനാ തെരഞ്ഞെടുപ്പ് സുഗമമായി നടത്താമെന്ന കാര്യത്തിൽ ഔദ്യോഗിക പക്ഷത്തിന് സംശയമൊന്നും ഇല്ലായിരുന്നു. അതുകൊണ്ടാണ് എല്ലാം സമവായത്തിൽക്കൂടി ആകട്ടെ എന്ന് തീരുമാനിച്ചതും. പക്ഷേ, പ്രതീക്ഷിച്ചത്ര എളുപ്പമായില്ല കാര്യങ്ങൾ. സമവായപ്പരിപാടി പല സ്ഥലത്തും പാളി. അപൂർവ്വം സ്ഥലങ്ങളിൽ കൈയ്യാങ്കളിയും ഉണ്ടായെന്നാണ് കേഴ്‌വി. എന്നാലും കണ്ണൂരൊഴികെയുള്ള എല്ലാ ജില്ലകളിലും തെരഞ്ഞെടുപ്പ് നടത്തി എന്ന് അഭിമാനിക്കാമല്ലോ.

ഐക്യ ജനാധിപത്യ മുന്നണി വിട്ട എല്ലാ കക്ഷികൾക്കും തങ്ങളുടെ ശക്തി തെളിയിക്കാനുള്ള അവസരം ഉപതെരഞ്ഞെടുപ്പിലൂടെ കൈവന്നിരിക്കയാണ്. രണ്ടിടത്തും ഇടതുപക്ഷം ജയിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഭൂരിപക്ഷം കൂടുകയും ചെയ്യും. തങ്ങളുടെ കഴിവുകൊണ്ടാണ് ഭൂരിപക്ഷം കൂടിയതെന്ന് എല്ലാവർക്കും അവകാശപ്പെടാം.

കരയ്ക്കുകൂടിയും വയ്യ, വെള്ളത്തിൽക്കൂടിയും വയ്യ എന്നതാണ് ബി.ജി.പിയുടെ സ്ഥിതി. ആരെ പിൻതുണച്ചാലും പ്രശ്നമാകും. ദേശീയതലത്തിൽ ബി.ജെ.പിയുടെ മുഖ്യശത്രു കോൺഗ്രസ്സാണ്. അതുകൊണ്ട് ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ സഹായിക്കുന്നതെങ്ങനെ? കേരളത്തിലെ ബി.ജെ.പിക്ക് കോൺഗ്രസ്സിനേക്കാൾ വലിയ ശത്രുവാണ് സി.പി.ഐ.(എം.). അതുകൊണ്ട് അവരെ സഹായിക്കാനും വയ്യ. ഒടുവിൽ ഒരു പോംവഴി കണ്ടുപിടിച്ചു. മന:സാക്ഷിക്ക് അനുസരിച്ച് വോട്ടു ചെയ്യുക. പക്ഷേ, മന:സാക്ഷിയുള്ള ബി.ജെ.പിക്കാരൻ ആർക്ക് വോട്ടുചെയ്യും? ആർക്കും വോട്ട് ചെയ്യാതിരിക്കാനാണ് സാദ്ധ്യത. അതിന് മന:സാക്ഷി അനുവദിക്കുന്നില്ലെങ്കിൽ ഏതെങ്കിലും സ്വതന്ത്രന് വോട്ട് ചെയ്യാം.

രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കയാൽ ചേർത്തല അസംബ്ലി സീറ്റ് എ.കെ.ആന്റണി ഉപേക്ഷിക്കുമെന്നതിനു സംശയമില്ല. പക്ഷേ, അവിടെ ഒരു ഉപതെരഞ്ഞെടുപ്പ് നടന്നാൽ കാര്യം കുഴയും. ഇന്നത്തെ നിലയിൽ കോൺഗ്രസ്സ് തോൽക്കും എന്നു തീർച്ച. അത് ഒഴിവാക്കാതെ പറ്റില്ല. പൊതുതെരഞ്ഞെടുപ്പിന് ഒരു വർഷത്തിൽ താഴെ മാത്രമേ സമയം ബാക്കിയുള്ളൂ എങ്കിൽ ഉപതെരഞ്ഞെടുപ്പ് ഉണ്ടാകാനുള്ള സാദ്ധ്യതയില്ല. അതുകൊണ്ട് രാജി കഴിയുന്നത്ര നീട്ടിക്കൊണ്ടു പോകുകയാണ് ഏക പോംവഴി. കോൺഗ്രസ്സ് ചെയ്യാൻ ഉദ്ദേശിക്കുന്നതും അതുതന്നെ.

ഉപതെരഞ്ഞെടുപ്പ് പ്രതീക്ഷിച്ചുകൊണ്ടാണ് ആന്റണിയെ രാജ്യസഭയിലേയ്ക്ക് അയച്ചതെന്ന് ഉമ്മൻ ചാണ്ടി പറയുന്നു. ഉപതെരഞ്ഞെടുപ്പ് ഉണ്ടായാലും വേണ്ടില്ല, ശല്യം ഒഴിയട്ടെ എന്നാകും ഉമ്മൻ ചാണ്ടി കണക്കുകൂട്ടിയത്.

ചേർത്തലയിൽ ഉപതെരഞ്ഞെടുപ്പ് നടത്താൻ ഉമ്മൻ ചാണ്ടി ധൈര്യം കാണിച്ചാൽ താൻ അവിടെ മത്സരിച്ച് ശക്തി തെളിയിക്കുമെന്ന് ലീഡർജി പ്രഖ്യാപിച്ചിരിക്കുന്നു. ഈ പ്രായത്തിൽ ഇത്ര തടത്ത പ്രഖ്യാപനങ്ങൾ നടത്തുന്നത് ബുദ്ധിയാണോ ലീഡറേ? ഇടതുപക്ഷം നയം വ്യക്തമാക്കിയിട്ടില്ലെന്നും മറക്കരുത്. തെരഞ്ഞെടുപ്പ് നടക്കുകയും ഇടതുപക്ഷത്തിന്റെ പിൻതുണയില്ലാതെ ലീഡർജി ഒറ്റയ്ക്ക് പോരാടേണ്ടതായി വരികയും ചെയ്താൽ കെട്ടിവെച്ച പണം പോലും നഷ്ടമാകാനാണ് സാദ്ധ്യത. അതുകൊണ്ട് ശക്തി തത്ക്കാലം തെളിയിക്കാതിരിക്കയാണ് ബുദ്ധി.

രാജ്യസഭാസീറ്റ് കിട്ടിയതിൽ എ.കെ.ആന്റണി എന്തുകൊണ്ടും സന്തോഷവാനാണ്. കേരളത്തിലെ പ്രശ്നങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കഴിയുന്നു എന്നതാണ് ഒരു കാരണം. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു എന്നതും സന്തോഷകരം തന്നെ. ഏറെ താമസിയാതെ കേന്ദ്രമന്ത്രിയുമാകാം. പക്ഷേ ഇതിലെല്ലാം ഉപരിയായി മറ്റൊരു കാരണം കൂടിയുണ്ട്. താൻ ഇനി ഒരിക്കലും അസംബ്ലിയിലേക്ക് മത്സരിക്കുകയില്ല എന്ന് ഒരു ആവേശത്തിന് പ്രഖ്യാപിച്ചുപോയി. ഇനി അത് മാറ്റി പറയുന്നതെങ്ങനെ? കുറഞ്ഞപക്ഷം ഒരു എം.എൽ.എ. എങ്കിലും ആയില്ലെങ്കിൽ രാഷ്ട്രീയവുംകൊണ്ട് നടന്നിട്ട് ഫലമെന്ത്? എന്താണ് പോംവഴി എന്ന് ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഹൈക്കമാന്റ് കനിഞ്ഞതും രാജ്യസഭാസീറ്റ് കിട്ടിയതും. ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 2592249, 9447414608

# പ്രേതം തിരുവചന വെളിച്ചത്തിൽ

മരിച്ചു പോകുന്ന വ്യക്തിയുടെ ആത്മാവ് പ്രേതമായി ഭൂമിയിലലഞ്ഞു നടക്കുമോ? ഇല്ലെന്ന് ബൈബിൾ പഠിച്ചാൽ വ്യക്തമാകുന്നതാണ്. പക്ഷേ പ്രേതങ്ങളെ അനേകർ കണ്ടിട്ടുള്ളതിനാൽ അവ കെട്ടുകഥകളെന്നു പറഞ്ഞു തള്ളിക്കളയുന്നതെങ്ങനെ?

പ്രേതത്തെ കണ്ടതായി പറഞ്ഞുകേൾക്കുന്ന കഥകളെ പലതായി തിരിക്കാം.

1. ശുദ്ധ നുണ

പ്രേതത്തെ കണ്ടതായും സംഭാഷണം നടത്തിയതായും മറ്റും പറഞ്ഞാൽ ഗമയാകുമെന്ന കാരണത്താൽ പലരും ഇത്തരം കഥകൾ തട്ടിക്കൂട്ടിയെടുക്കും. കല്ലുവച്ച നുണകളാണ് പ്രേതകഥകളിൽ നല്ലൊരു പങ്ക്. അതുകൊണ്ട് എല്ലാ കഥകളും മുഖവിലയ്ക്കെടുക്കരുത്.

2. വിഭ്രാന്തി

പ്രേതത്തെക്കുറിച്ചുള്ള ഭയംമൂലം ഉണ്ടാകുന്ന വിഭ്രാന്തി നിമിത്തം ഉണ്ടാകുന്ന തോന്നലുകളാണ് മറ്റു ചിലതിനു പിന്നിൽ ഉള്ളത്. ഭയംമൂലം മനസ്സു സൃഷ്ടിച്ച മിഥ്യാബോധമാണ് പ്രേതമായത്.

3. വിശദീകരിക്കാവുന്നവ

പ്രേതത്തെ ശരിക്കും കണ്ട സംഭവങ്ങളിൽ പലതും ശാസ്ത്രീയമായി വിശദീകരിക്കാവുന്നവയായിരിക്കും. ശവക്കോട്ടയിൽ കണ്ട വെളിച്ചം ഫോസ്ഫറസ്സിൽ നിന്നുണ്ടായതാവാം. അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യൻ അവിടെ ഉണ്ടായിരുന്നിരിക്കാം. വേണ്ടത്ര അന്വേഷണം നടത്തിയാൽ പ്രേതകഥകളിൽ നല്ലൊരു പങ്കിന് ശാസ്ത്രീയമായ വിശദീകരണം നൽകാനാവും.

4. പൈശാചികം

പിശാചുണ്ടെന്നുതന്നെ മിക്കവർക്കും വിശ്വാസമില്ല. (എങ്കിലും രാത്രിയിൽ പുറത്തിറങ്ങാൻ ഭയമാണുതാനും). ഭൂതങ്ങളെ ഉഗ്രമായി ഭർത്സിക്കയും ശക്തിയായി ശാസിക്കുകയും ചെയ്യുന്നവർക്കു പോലും രാത്രിയിൽ ഒറ്റയ്ക്കു യാത്രചെയ്യാൻ ഭയം, തനിച്ചിരിക്കാൻ ഭയം. പുറത്തേയ്ക്കു നോക്കാനും ഭയം. ശവക്കോട്ടയുടെ സമീപത്തുകൂടി യാത്രചെയ്യുന്ന കാര്യം ചിന്തിക്കാൻ തന്നെ ഭയം.

പിശാചെന്നു പറഞ്ഞാൽ പ്രേതമോ അതുപോലെയുള്ള എന്തോ ആണെന്ന് പലരും ധരിച്ചുവച്ചിട്ടുണ്ടെന്നും സാന്ദർഭികമായി പറയട്ടെ. ചത്തവൻ പ്രേതമോ പിശാചോ ആകുന്നതല്ല സാത്താൻ എന്ന പിശാച്. ലൂസിഫർ എന്ന ദൈവദൂതൻ ദൈവത്തെപ്പോലെ ആകുവാൻ ശ്രമിച്ച് പരാജയപ്പെട്ട കഥ യെശ. 14:9-18; യെഹ. 28:11-19 എന്നീ ഭാഗങ്ങളിൽ കാണാം. ആദ്യമായി ആ ഭാഗങ്ങൾ വായിക്കുക.

ഈ വാക്യങ്ങളിൽ നിന്നും ലൂസിഫറിന്റെ ആശ എന്തെന്നു വ്യക്തമാകുന്നുണ്ട്. അവനു ദൈവത്തെപ്പോലെയാകണം ദൈവത്തിനു ലഭിക്കുന്ന ആരാധന അവനു ലഭിക്കണം. അതേ ആഗ്രഹം സാത്താന് ഇന്നുമുണ്ട്. എങ്ങനെയെങ്കിലും ദൈവത്തിനു ലഭിക്കുന്ന ആരാധന തനിക്കു ലഭിക്കണം. അതിന് അവൻ എല്ലാ അടവുകളും പ്രയോഗിക്കും. മനുഷ്യൻ സത്യദൈവത്തെ അറിഞ്ഞാൽ-വിശ്വസിച്ചാൽ-പിശാചിന് ആരാധന ലഭിക്കയില്ല. അതുകൊണ്ട് മനുഷ്യൻ സത്യം ഗ്രഹിക്കുന്നതു തടയണം. അതിനെന്താണു വഴി? വഴികൾ പലതുണ്ട്.

1. ഭോഷ്ക്ക്

സത്യത്തെ മറിച്ചുകളയുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഭോഷ്ക്കു പറയുക എന്നതാണ്. സാത്താൻ ഭോഷ്ക്ക് പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമാകുന്നു. ദൈവമില്ല എന്നു പറയുന്നത് ഏറ്റവും വലിയ നുണ. സാത്താനില്ല എന്നു പറയുന്നതും ഭോഷ്ക്കു തന്നെ. മനുഷ്യന് ആത്മാവില്ല, നിത്യനരകമില്ല എന്നൊക്കെ യഹോവാസാക്ഷികളും ശാബത്തുകാരും പറയുന്നത് സാത്താൻ ആ കൾട്ടുകളുടെ പിന്നിൽ പ്രവർത്തിക്കുന്നതുകൊണ്ടത്രേ. മനുഷ്യൻ മരണശേഷം ശുദ്ധീകരണസ്ഥലത്തു ചെല്ലുമെന്നും ഭൂമിയിലുള്ളവർ നടത്തുന്ന പ്രാർത്ഥന, കുർബ്ബാന തുടങ്ങിയവയിലൂടെ പാപമോചനം പ്രാപിച്ച് ഒടുവിൽ സ്വർഗ്ഗത്തിലെത്തുമെന്നും പ്രചരിപ്പിക്കുന്നതു സാത്താന്യമത്രേ. എട്ടും പൊട്ടും തിരിയാത്ത കുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുക, പരിശുദ്ധാത്മാവിനെ കുപ്പിയിലാക്കുക തുടങ്ങി ദൈവ വചന വിരുദ്ധമായ ആചാരാനുഷ്ഠാനങ്ങൾ നടത്തുന്നതും സാത്താന്യമാണ്.

2. തെറ്റിദ്ധരിപ്പിക്കുക

ഇതും ഭോഷ്ക്കിന്റെ ഒരു വകഭേദമത്രേ. ദൈവവചനത്തിന് ദുർവ്യാഖ്യാനം കൊടുത്ത് എത്രയോ കോടി ജനങ്ങളെ സാത്താൻ തെറ്റിദ്ധരിപ്പിക്കുന്നു. രക്ഷപ്രവൃത്തിയാലാണെന്ന് പഠിപ്പിക്കുന്നതു തന്നെ നല്ല ഉദാഹരണം. അഹരോനിൽ നിന്നും പൗരോഹിത്യം സെഖര്യാവ് വഴി യോഹന്നാന് ലഭിച്ചെന്നും, യോഹന്നാൻ അത് കർത്താവിന് കൊടുത്തെന്നും കർത്താവ് അതേ പൗരോഹിത്യം തന്റെ ശിഷ്യന്മാർക്ക് കൊടുത്തെന്നും നുണ പറഞ്ഞ് സാത്താൻ എത്ര കോടി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ടെന്ന് കണക്കില്ല. ത്രിത്വമില്ല, 1844-ൽ കർത്താവ് സ്വർഗ്ഗീയ ദേവാലയത്തിൽ പ്രവേശിച്ചു, 1914-ൽ കർത്താവു വന്നു എന്നൊക്കെ വേദപുസ്തകത്തിൽ നിന്നും ചില വാക്യങ്ങൾ തെളിവായി എടുത്ത് വ്യാഖ്യാനിച്ചൊപ്പിക്കുന്നതും പൈശാചികമാണ്. അങ്ങനെ നൂറുകണക്കിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

3. ലക്ഷ്യം തെറ്റിക്കുക

പാപം എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന hamartano എന്ന വാക്കിന്റെ അർത്ഥം തന്നെ miss the mark എന്നാണ്. അസ്ത്രം ലക്ഷ്യത്തിൽ തറയ്ക്കാതിരിക്കുന്നതാണിത്. ദൈവത്തെ ആരാധിക്കയാണ് നാം ചെയ്യേണ്ടത്. എന്നാൽ ആ ലക്ഷ്യത്തിൽ നിന്നും മനുഷ്യനെ തെറ്റിക്കയെന്നത് സാത്താന്റെ പ്രധാന തന്ത്രങ്ങളിലൊന്നാണ്. ജനനമരണ ചക്രത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ സർവ്വസംഗപരിത്യാഗികളായി നടക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് സാത്താനാണ്. സാമൂഹിക സേവനമാണ് ജീവിതലക്ഷ്യമെന്നു പറഞ്ഞാൽ വളരെ നല്ല കാര്യമായി തോന്നാമെങ്കിലും ഇതും സാത്താന്യമാണ്. യേശുവിലൂടെ പാപമോചനം പ്രാപിച്ച് ദൈവഹിതപ്രകാരം ജീവിക്കുക, ദൈവത്തെ ആരാധിക്കുക, ദൈവവേല ചെയ്യുക തുടങ്ങിയവയാണ് ശരിയായ ലക്ഷ്യം. ഇതിനു വിരുദ്ധമായതെല്ലാം സാത്താന്യമാണ്.

4. വഴി തെറ്റിക്കുക

ലക്ഷ്യം തെറ്റിക്കുക എന്നതാണ് സാത്താന് ഏറ്റവും ഇഷ്ടമുള്ള തന്ത്രമെങ്കിലും ചിലപ്പോഴെല്ലാം ലക്ഷ്യമല്ല മാർഗ്ഗമാണ് സാത്താൻ തെറ്റിക്കുക. ദൈവത്തെപ്പോലെയാകുന്നതു തെറ്റല്ല. ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി എന്നു കർത്താവ് തന്നെ പറഞ്ഞിട്ടുമുണ്ടല്ലോ. എന്നാൽ ദൈവത്തെപ്പോലെയാകുവാൻ സാത്താൻ ആദ്യമനുഷ്യനുപദേശിച്ച വഴി തെറ്റായിരുന്നു. ദൈവത്തെപ്പോലെയാകുവാൻ ദൈവകല്പന ലംഘിക്കുക എന്ന മാർഗ്ഗമാണ് സാത്താൻ ചൂണ്ടിക്കാട്ടിയത്. ലോകമതങ്ങളിൽ മിക്കതിന്റെയും ലക്ഷ്യം നിത്യരക്ഷ പ്രാപിക്കുക എന്നതാണ്. എന്നാൽ അതിനുള്ള ഏക മാർഗ്ഗം യേശുവിന്റെ കാൽവറിയാഗത്തിലുള്ള വിശ്വാസമാണെന്ന സത്യം സാത്താൻ മറച്ചുവയ്ക്കുന്നു. സൽപ്രവൃത്തികൾ ചെയ്യുക, ഉപവാസം ഇരിക്കുക, തപസ്സും ധ്യാനവും മറ്റും അനുഷ്ഠിക്കുക, പുണ്യതീർത്ഥങ്ങളിൽ മുങ്ങുക, നേർച്ചകാഴ്ചകൾ അർപ്പിക്കുക, നിഷ്ക്കാമകർമ്മം ചെയ്യുക തുടങ്ങി എത്രയോ തെറ്റായ വഴികളാണ് സാത്താൻ മനുഷ്യന് ഉപദേശിച്ചുകൊടുത്തിരിക്കുന്നത്.

5. ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കുക

മനുഷ്യൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കാൻ പഠിച്ചത് സാത്താനിൽ നിന്നാണ്. ദൈവീകമായ എന്തിനും സാത്താൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കും. ദൈവീക ത്രിത്വമുള്ളതുകൊണ്ട് സാത്താൻ മിക്ക മതങ്ങളിലും വ്യാജ ത്രിത്വമുണ്ടാക്കിയിട്ടുണ്ട്. ദൈവം നിത്യരക്ഷ വാഗ്ദാനം ചെയ്തിരുന്നതുകൊണ്ട് സാത്താനും ചില ഡ്യൂപ്ലിക്കേറ്റ് രക്ഷകൾ ഉണ്ടാക്കിയിട്ടുണ്ട്. യഥാർത്ഥ മാമ്മോദീസ ഉള്ളതുകൊണ്ട് ശിശുസ്നാനം, യേശുവിന്റെ നാമത്തിലുള്ള സ്നാനം, കൊടിക്കീഴിൽ സ്നാനം തുടങ്ങിയവ സാത്താൻ ഉണ്ടാക്കി. തിരുവത്താഴത്തിനു പകരം കുർബ്ബാന ഉണ്ടാക്കി. പരിശുദ്ധാത്മാഭിഷേകത്തിന്റെ ഡൂപ്ലിക്കേറ്റായി തൈലം പൂശൽ കൊണ്ടുവന്നു. ഉപവാസത്തിന്റെ സ്ഥാനത്ത് നൊയമ്പ് ഉണ്ടായി. സഭയെ പള്ളിയാക്കി. അപ്പൊസ്തലനും ഇടയനും പകരമായി മെത്രാനും പുരോഹിതനും വന്നു ചേർന്നു. ഇങ്ങനെ ദൈവീകമായ എന്തിനും സാത്താൻ ഡ്യൂപ്ലിക്കേറ്റുണ്ടാക്കി.

സാത്താന്റെ തന്ത്രങ്ങളെക്കുറിച്ച് വിവരിക്കുവാൻ തുനിഞ്ഞാൽ അതു തന്നെ ഒരു പുസ്തകമാകും. ആകയാൽ ഇത്രയും കൊണ്ട് നിർത്തുകയാണ്. പ്രേതത്തെക്കുറിച്ചാണല്ലോ പറഞ്ഞു വരുന്നത്. ആ വിഷയത്തിലേക്ക് മടങ്ങിവരട്ടെ. മരിച്ച മനുഷ്യന്റെ ആത്മാവ് പ്രേതമായി ഭൂമിയിൽ അലയുകയില്ല. കാരണം, മരിച്ചപോയ വിശുദ്ധരുടെ ആത്മാക്കൾ കർത്താവിനോടുകൂടി ഇരിക്കയും ദുഷ്ടൻമാരുടെ ആത്മാക്കൾ യാതനാ സ്ഥലത്ത് വേദന അനുഭവിക്കുകയും ചെയ്യുകയാണ്. അങ്ങനെയെങ്കിൽ പ്രേതങ്ങൾ എങ്ങനെയുണ്ടാകുന്നു?

മനുഷ്യൻ വചനവിരുദ്ധമായി വച്ചുപുലർത്തുന്ന എല്ലാ ധാരണകളും ശരിയാണെന്ന് തെളിയിക്കുന്നതിൽ സാത്താന് സന്തോഷമേയുള്ളൂ. ജ്യോതിഷം ശരിയാകുന്നതിന്റെ ഒരു കാരണമിതാണ്. പുണ്യവാളനെ വിശ്വസിച്ചാൽ രോഗസൗഖ്യം ഉണ്ടാകും. മന്ത്രവാദത്തിനു ശക്തിയുണ്ടാകും. വിഗ്രഹങ്ങൾക്ക് ശക്തിയുണ്ടാകുന്നതും ഇങ്ങനെ തന്നെ. മനുഷ്യന്റെ ആത്മാവ് പ്രേതമായി ഈ ഭൂമിയിൽ അലയുന്നു എന്ന് തെളിഞ്ഞാൽ ബൈബിൾ മരണാനന്തര ജീവിതത്തെക്കുറിച്ച് പറയുന്നതെല്ലാം തെറ്റെന്നുവരും. ബൈബിൾ തെറ്റാണെന്നു തെളിയിക്കുവാൻ കഴിഞ്ഞാൽ സാത്താൻ ജയിച്ചു. മരിച്ചവർ പ്രേതമാകുമെന്ന അന്ധവിശ്വാസം തെളിയിക്കുവാൻ സാത്താൻ പെടാപ്പാടു പെടുന്നതും ഇതുകൊണ്ടുതന്നെ.

പ്രേതമായി പ്രത്യക്ഷപ്പെടുന്നത് മരിച്ച മനുഷ്യന്റെ ആത്മാവല്ല. ദുരാത്മാവാണ്. സാത്താൻ വെളിച്ചദൂതന്റെ വേഷം മാത്രമല്ല (2 കൊരി. 11,14), മനുഷ്യാത്മാവിന്റെ വേഷവും ധരിക്കും. ദുരാത്മാവ്, മരിച്ചുപോയ ഏതെങ്കിലും വ്യക്തിയാണെന്നു പറയുക മാത്രമല്ല, പ്രസ്തുത വ്യക്തിയുടെ എല്ലാ ലക്ഷണങ്ങളും പ്രകടിപ്പിക്കുകയും ചെയ്യും. സ്ത്രീയാണെങ്കിൽ സ്ത്രീയുടെ ശബ്ദത്തിൽ-മരിച്ച വ്യക്തിയുടെ ശബ്ദത്തിൽ-സംസാരിക്കും. അതേ മുഖഛായയുമായി പ്രത്യക്ഷപ്പെടും. മരിച്ചുപോയ വ്യക്തി മടങ്ങിവന്നാൽ എങ്ങനെയൊക്കെ പെരുമാറുമോ, അതുപോലെ തന്നെ പ്രേതവും പെരുമാറും. മരിച്ച വ്യക്തിതന്നെയാണു മടങ്ങിവന്നിരിക്കുന്നതെന്ന് മിക്കവരും ധരിച്ചുപോകും.

എങ്ങനെയാണ് മരിച്ച വ്യക്തിയുടെ എല്ലാ സ്വഭാവ വിശേഷങ്ങളും പ്രേതത്തിന് അഭിനയിക്കുവാൻ സാധിക്കുന്നത്. ഇതിന് രണ്ടു സാദ്ധ്യതകളാണ് ഞാൻ കാണുന്നത്.

1. പരേതനിലുണ്ടായിരുന്നു ഭൂതം

ആഭിചാരം, വിഗ്രഹാരാധന, കളരിപ്പയറ്റ്, ജ്യോതിഷം, തുള്ളൽ, വെച്ചുപൂജ, ദുർന്നടപ്പ് തുടങ്ങിയവയുമായി ബന്ധമുള്ളവരോ ഇത്തരക്കാരുടെ അടുത്ത ബന്ധുക്കളോ ഭൂതബാധയുള്ളവരായിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ഇവരുടെയുള്ളിലിരിക്കുന്ന ദുരാത്മാവ് ഇവരുടെ എല്ലാ പ്രവൃത്തികൾക്കും സാക്ഷിയാണല്ലോ. ഈ ഭൂതത്തിന് പ്രസ്തുത വ്യക്തിയുടെ എല്ലാ രഹസ്യങ്ങളും അറിയാം. ഈ മനുഷ്യൻ മരിക്കുമ്പോൾ ഭൂതം പുറത്താകുന്നു. മറ്റൊരാളെ ബാധിക്കുന്നതുവരെ ഈ ഭൂതം, മരിച്ച വ്യക്തിയുടെ ആത്മാവെന്ന വ്യാജേന പ്രേതമായി പലർക്കും പ്രത്യക്ഷമാകും. ഇതാണ് പ്രേതങ്ങളിൽ ഒരിനം.

2. പ്രേതമായി നിയമനം ലഭിച്ച ഭൂതം

മനുഷ്യനെ അന്ധവിശ്വാസികളാക്കുക എന്ന തന്ത്രത്തിന്റെ ഭാഗമായി സാത്താൻ ചിലപ്പോൾ സാധാരണ ഭൂതങ്ങളെത്തന്നെ പ്രേതങ്ങളായി നിയമിച്ചയക്കുന്നു. ഏതു വ്യക്തിയുടെ പ്രേതമായാണോ വേഷമിടുന്നത്, ആ വ്യക്തിയെപ്പറ്റി ആവശ്യമായ എല്ലാ വിവരങ്ങളും ശേഖരിച്ചുകൊണ്ടായിരിക്കും ഭൂതത്തിന്റെ വരവ്. മരിച്ച വ്യക്തിയുടെ സകല സ്വഭാവവിശേഷങ്ങളും പ്രേതം പ്രകടിപ്പിക്കും. അതോടെ പ്രേതം, മരിച്ച വ്യക്തിയുടെ ആത്മാവു തന്നെയാണെന്ന് സകലരും തലകുലുക്കി സമ്മതിച്ചുപോകും.

3. ബാധകൂടൽ:

പ്രേത മായി വേഷംകെട്ടുന്ന ഭൂതം മനുഷ്യരെ വിശ്വസിപ്പിക്കുവാൻ മറ്റൊരു തന്ത്രംകൂടി ചിലപ്പോൾ ചെയ്തെന്നുവരാം. ബാധകൂടൽ എന്ന പേരിൽ അറിയപ്പെടുന്ന ഒരു പരിപാടിയാണിത്. മരിച്ചവന്റെ ആത്മാവെന്ന നാട്യത്തിൽ ഭൂതം ആരെയെങ്കിലും ബാധിക്കും. ദുർമ്മരണം നടന്ന സ്ഥലത്തോ ശവമടക്കിയ സ്ഥലത്തോ വച്ച് പ്രേതത്തെ കണ്ടുഭയന്ന വ്യക്തികളിലാണ് പലപ്പോഴും ബാധ കൂടുന്നത്. മരിച്ചുപോയ വ്യക്തിയുടെ ശബ്ദത്തിൽ സംസാരിക്കുക, പഴയ സംഭവങ്ങൾ പലതും വസ്തുനിഷ്ഠമായി വിവരിക്കുക, തുടങ്ങി മരിച്ചവന്റെ ആത്മാവു വന്നാൽ കാണിക്കുന്ന സകല പ്രത്യേകതകളും ഭൂതവും കാണിക്കും. ബൈബിളിൽ അല്പമൊക്കെ വിശ്വാസമുള്ളവർ പോലും ഇത്തരം അടവിന്റെ മുമ്പിൽ തോൽവി സമ്മതിച്ചു പോകും. സാത്താന്റെ ലക്ഷ്യവും അതുതന്നെ.

പരിഹാരമാർഗ്ഗം:

ഒരാളെ ഭൂതം ബാധിച്ചാൽ എന്തുചെയ്യണമെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. മന്ത്രവാദികളേയോ, പുണ്യവാളന്മാരേയോ തേടിപ്പോകയാണ് മിക്കവരും ചെയ്യുന്നത്. പക്ഷേ അതല്ല ശരിയായ മാർഗ്ഗം. ക്രിസ്തീയ മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയവയിൽ വിശ്വസിക്കുന്നവരും ഇത്തരം ഭൂതങ്ങളെ കൈകാര്യം ചെയ്തു പരിചയമുള്ളവരുമായ ദൈവദാസന്മാരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചാൽ പ്രേതം (ഭൂതം) പുറത്തുപോകും. നസ്രായനായ യേശുവിന്റെ നാമത്തിൽ അത്ഭുതം നടക്കും. അശുദ്ധാത്മാവ് വിട്ടുപോകും. പ്രേതബാധയുള്ള വീടോ സ്ഥലമോ പോലും ദൈവദാസന്മാരുടെ പ്രാർത്ഥനയാൽ വിടുവിക്കപ്പെടുവാൻ ഇടയാകും. യേശുവിന്റെ നാമത്തിനു മുൻപിൽ ഞടുങ്ങി വിറയ്ക്കാത്ത ഒരു ഭൂതമോ പ്രേതമോ ഇല്ല. നസ്രായനായ യേശുവിന്റെ നാമത്തിൽ കല്പിച്ചാൽ പ്രേതങ്ങൾ വീടുകളും ദേശങ്ങളും ഉപേക്ഷിച്ചു പോകും.

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ
ഫോൺ: 9447149309. സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

# രക്ഷിക്കപ്പെട്ടവർ ശപിക്കപ്പെട്ടവരോ?

രക്ഷിക്കപ്പെട്ട ദൈവ മക്കൾ ശപിക്കപ്പെട്ടവരാണോ? ആകാൻ കഴിയുമോ? കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ പാപമോചനം പ്രാപിച്ചവരുടെമേൽ ശാപങ്ങൾ വാഴുമോ? പാപമോചനവും ശാപമോചനവും ഒന്നിച്ചു നേടുന്നതല്ലേ?

രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ശാപം പൊട്ടിക്കുന്ന ശുശ്രൂഷയുമായി ഊരുചുറ്റുന്നവർ ഏറെയുള്ള കാലമാണിത്. എട്ടും പൊട്ടും തിരിയാത്ത നിരവധി ദൈവമക്കൾ ഈ വ്യാജൻമാരുടെ കെണിയിൽ അകപ്പെടുന്നു.

ഡെറിക് പ്രിൻസിന്റെ അനുഗ്രഹവും ശാപവും എന്ന പുസ്തകമാണ് ശാപംപൊട്ടിക്കൽ ശുശ്രൂഷകരുടെ ബൈബിൾ. എറണാകുളത്തെ ശാപവീരനായ ഡാമിയൻ ഒരു മാസം മുഴുവൻ ഈ പുസ്തകത്തെ ആധാരമാക്കി പ്രസംഗിച്ചു. എം.എ.വർഗീസും പി.ജി.വർഗീസും തങ്കുവും ഒക്കെ ശാപം ശറപറാ പൊട്ടിക്കയാണ്. കാഡ്മണ്ടുവിലെ ഹോട്ടലിന്റെ മുകളിൽ നിന്നും ചെടിച്ചട്ടി താഴേക്ക് വലിച്ചെറിഞ്ഞാണ് എം.എ.വർഗീസ് സാത്താനെ തകർത്തത്. സുരേഷ് ബാബു എറണാകുളത്ത് തെർമ്മോക്കോൾ സാത്താനെ പിച്ചിച്ചീന്തി.

ശാപം പൊട്ടിക്കൽ ശുശ്രൂഷയ്ക്ക് തിരുവചനത്തിൽ ആധാരമുണ്ടോ? പഴയനിയമത്തിലെ ചില വാക്യങ്ങൾ ഉപയോഗിച്ചാണ് ശാപംപൊട്ടിക്കൽ ശുശ്രൂഷ പൊടി പൊടിക്കുന്നത്. യിസ്രായേൽ ജനത്തിന് അക്ഷരാർത്ഥത്തിൽ ദൈവം കൊടുക്കുന്ന ശാപവും അനുഗ്രഹവും ആണ് ഇവർ ആധാരമാക്കുന്നത്. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം ഇവർക്ക് അറിഞ്ഞുകൂടാ. പഴയനിയമം അക്ഷരത്തിന്റെ ശുശ്രൂഷയാണ്. അത് കല്ലിൽ അക്ഷരമായി കൊത്തിയിരിക്കുന്ന മരണശുശ്രൂഷയാണ്. അത് ചെയ്യുന്നവൻ അതിനാൽ ജീവിക്കും. പക്ഷേ, ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാൽ ഒരു ജഡവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. കാരണം, പൂർണ്ണമായി അനുസരിക്കാൻ കഴിയുന്നതല്ല ന്യായപ്രമാണം. അതുകൊണ്ട് ന്യായപ്രമാണത്താൽ പാപബോധം ഉണ്ടാകുമെന്നല്ലാതെ പാപമോചനം നേടാനാവില്ല. കർത്താവായ യേശുക്രിസ്തുവിനൊഴികെ ആർക്കും ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കാൻ കഴിഞ്ഞിട്ടുമില്ല.

എന്നാൽ പുതിയനിയമം ആത്മാവിന്റെ ശുശ്രൂഷയാണ്. അത് ജീവൻ നൽകുന്ന ശുശ്രൂഷയാണ്. ദൈവകൃപയാൽ വിശ്വാസം മൂലം തികച്ചും സൗജന്യമായി മനുഷ്യനെ നീതീകരിക്കയും പാപമോചനം നൽകുകയും ചെയ്യുന്ന ശുശ്രൂഷയാണ്. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. ക്രിസ്തുവിലൂടെ സൗജന്യമായി ലഭിക്കുന്ന രക്ഷയേക്കുറിച്ച് കേട്ടുകേഴ്‌വി പോലുമില്ലായിരുന്ന യിസ്രായേൽ ജനത്തിന് ദൈവം വിധിച്ച അനുഗ്രഹവും ശാപവും രക്ഷിക്കപ്പെട്ട ദൈവമക്കളുടെ വകയാക്കി മാറ്റുന്ന വിവര ദോഷികളെയോർത്ത് സഹതപിക്കയേ നിവൃത്തിയുള്ളു.

അനുഗ്രഹവും ശാപവും പ്രസംഗിക്കയും ശാപംപൊട്ടിക്കൽ ശുശ്രൂഷ നടത്തുകയും ചെയ്യുന്നവർ ആരും തിരുവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടില്ല. എം.എ. വർഗീസ്, സുരേഷ് ബാബു, ഡാമിയൻ, പി.ജി.വർഗീസ് തുടങ്ങിയവർ കുപ്രസിദ്ധ മുട്ടിൻമേൽ കോളേജിലല്ലാതെ ഒരു ബൈബിൾ കോളേജിലും പഠിച്ചിട്ടില്ല. സെമിനാരിയിൽ പഠിച്ചിട്ടില്ല എന്നത് വലിയ മേൻമയായി പറഞ്ഞു നടക്കുകയാണ് ഇവർ. ഇന്നത്തെ എം.എ. ഡിഗ്രിയേക്കാൾ വലുതാണ് പഴയ ഏഴാംക്ലാസ്സ് എന്ന് വീമ്പിളക്കുന്ന വൃദ്ധൻമാരെ കണ്ടിട്ടുണ്ട്. അതുപോലുള്ള ഒരു വാദമാണ് ബൈബിൾ കോളേജിൽ പഠിക്കാത്തവർ പഠിച്ചവരേക്കാൾ ശ്രേഷ്ഠരാണെന്നത്.

ബൈബിൾ കോളേജിൽ പഠിച്ചവരുടെ പ്രസംഗം കേൾക്കാൻ എത്തുന്നവരേക്കാൾ അധികം ആളുകൾ പഠിക്കാത്തവരുടെ പ്രസംഗത്തിന് എത്തുന്നു എന്നതാണ് പലരും ഒരു മേൻമയായി ചൂണ്ടിക്കാണിക്കുന്നത്. അതിൽ തിൻമയല്ലാതെ നൻമയൊന്നും ഇല്ല എന്നതാണ് വസ്തുത. എന്തുകൊണ്ടാണ് വചനം പഠിക്കാത്തവരുടെ യോഗത്തിന് ആളുകൂടുന്നത്? ഉത്തരം ലളിതം. തിരുവചനത്തിൽ അടിസ്ഥാനമില്ലാത്ത വാഗ്ദാനങ്ങളാണ് വചനം പഠിക്കാത്തവർ നൽകുന്നത്. ഇത്തരം വിവരക്കേടുകൾ വിളിച്ചുകൂവാൻ പഠിപ്പുള്ളവർ തയ്യാറാകില്ല. കഷ്ടപ്പാടിലും ബുദ്ധിമുട്ടിലും ആയിരിക്കുന്നവർക്ക് "ഇതാ വരുന്നൂ അനുഗ്രഹം" എന്ന് കേൾക്കുന്നത് ആശ്വാസകരമാണ്. ശാപംകൊണ്ടാണ് ഈ കഷ്ടപ്പാടൊക്കെ ഉണ്ടായതെന്നും ശാപം പൊട്ടിച്ചാൽ അനുഗ്രഹം പറന്നെത്തുമെന്നും കേൾക്കുന്നതോടെ സാധാരണക്കാർ സകല ദുഃഖവും മറക്കും. ശാപം മാറിക്കിട്ടിക്കഴിഞ്ഞ് വന്നെത്താൻ പോകുന്ന അനുഗ്രഹം സ്വപ്നം കാണും. ദൈവവചനത്തിൽ ഇതിനൊക്കെ അടിസ്ഥാനമുണ്ടോ എന്ന് നോക്കാൻ ആരും മിനക്കെടുകയില്ല. വിഡ്ഢിത്തം പ്രസംഗിക്കുന്നവരുടെ യോഗത്തിന് വലിയ ജനക്കൂട്ടം വന്നെത്തുന്നത് ഈ കാരണത്താലാണ്.

ശാപം, ശാപം പൊട്ടിക്കൽ തുടങ്ങിയവയേക്കുറിച്ച് പുതിയനിയമം എന്തു പറയുന്നു? KJVയിൽ ആകെ 11 സ്ഥലങ്ങളിൽ മാത്രമേ ശാപം (curse) എന്ന വാക്ക് വന്നിട്ടുള്ളു. നാം ശാപം എന്ന് പറയുന്ന അർത്ഥത്തിൽ ഈ വാക്ക് കേവലം മൂന്നിടത്താണുള്ളത്. ന്യായപ്രമാണത്തിന്റെ പ്രവൃത്തികളിൽ ആശ്രയിക്കുന്ന ഏവനും ശാപത്തിൻ കീഴിലാകുന്നു എന്ന വാക്യവും (ഗലാ.3:10) യേശു സ്വയം ശാപമായിക്കൊണ്ട് നമ്മെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും വീണ്ടെടുത്തു എന്ന വാക്യവും (ഗലാ.3:13) ഇനി ഒരു ശാപവും ഉണ്ടാകയില്ല (വെളി.22:3) എന്നതും ആണ് അവ. മറ്റ് വാക്യങ്ങൾ: മത്താ.5:44, 26:74, മർക്കോ. 14:71, ലൂക്കോ. 6:28, പ്രവൃ.23:12,14, റോമ.12:14, യാക്കോ.3:9.

ന്യായപ്രമാണത്തിൽ പറയുന്ന വാക്യങ്ങളെടുത്താണ് ശാപം പൊട്ടിക്കൽ വീരൻമാർ കളിക്കുന്നത്. പക്ഷേ, യേശു നമുക്കുവേണ്ടി സ്വയം ശാപമായതിനാൽ ന്യായപ്രമാണത്തിലുള്ള എല്ലാ ശാപത്തിൽനിന്നും നാം മോചിതരായിരിക്കുന്നു എന്ന് ദൈവവചനം വ്യക്തമാക്കുന്നു. പക്ഷേ, ശാപം പൊട്ടിക്കൽ വീരൻമാർ ഇത് സമ്മതിച്ചുതരികയില്ല. എം.എ.വർഗീസിന് ദൈവം കൊടുത്തിരിക്കുന്ന സ്പെഷ്യൽ കൃപ ഉപയോഗിച്ച് പൊട്ടിച്ചാലേ വിശ്വാസിയുടെ ശാപം പോകയുള്ളത്രേ. എവിടത്തെ തിയോളജിയാണപ്പാ ഇത്. മുട്ടിൻമേൽ കോളേജിലും ശീർഷാസനക്കോളേജിലും ഒക്കെ പഠിച്ചാൽ ഇത്തരം പമ്പര വിഡ്ഢിത്തങ്ങൾ എഴുന്നെള്ളിക്കും.

കർത്താവായ യേശുക്രിസ്തു ശാപംപൊട്ടിക്കൽ ശുശ്രൂഷയേക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? അപ്പോസ്തലൻമാർ ഈ ശുശ്രൂഷ ചെയ്തിരുന്നോ? ഏതെങ്കിലും ലേഖനത്തിൽ ഇതേപ്പറ്റി പറയുന്നുണ്ടോ? ഇല്ല. രക്ഷിക്കപ്പെടാത്തവരിൽ ശാപം നിലനിൽക്കുന്നു എന്നും കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന നിമിഷം എല്ലാവിധ ശാപങ്ങളും നീങ്ങുന്നു എന്നും വചനത്തിൽ നിന്നും തെളിയിക്കാം. ഇതിന് വിരുദ്ധമായ ഉപദേശം ആര് പറഞ്ഞാലും അവൻ ശപിക്കപ്പെട്ടവൻ.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഉപദേശിമാർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ കാണുമ്പോൾ ഇവരിൽ എത്രപേർ കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെടും എന്ന് സംശയം തോന്നുന്നു. ഒരു പക്ഷേ ഉപദേശിമാരേക്കാൾ അധികം വിശ്വാസികളാകും കർത്താവിന്റെ വരവിങ്കൽ എടുക്കപ്പെടുക. ജാമ്യം ലഭിക്കാനുള്ള വ്യവസ്ഥകളേക്കുറിച്ച് ഡിഫെൻഡറിൽ വായിച്ചു. വിശ്വാസികൾ കേസ്സിന് പോകുന്നത് ശരിയാണോ? വിശ്വാസികൾക്ക് ജാമ്യത്തിന്റെ ആവശ്യം ഉണ്ടാകുമോ?

കെ.രാജൻ, റാന്നി

■ ഉപദേശിമാരിൽ ഭൂരിപക്ഷത്തിനും വഴി തെറ്റിയിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. സ്ഥലം മാറി വന്ന ഉപദേശിയെ തട്ടിക്കൊണ്ടുപോകാൻ ഗുണ്ടകളെ ഏർപ്പാടാക്കുന്ന പാസ്റ്റർമാർ വരെ ഉള്ളപ്പോൾ പാസ്റ്റർമാരുടെ ആത്മീയ നിലവാരം എത്രത്തോളമെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

പൗരോഹിത്യത്തിനെതിരെ പ്രസംഗിക്കുന്ന കാര്യത്തിൽ പെന്തക്കോസ്ത് ഉപദേശിമാർ എന്നും മുൻപന്തിയിലാണ്. പക്ഷേ പെന്തക്കോസ്ത് സഭകളിലും പൗരോഹിത്യം നിലവിലുണ്ട് എന്ന സത്യം അവർ മറക്കുന്നു. എല്ലാ വിശ്വാസിയും പുരോഹിതനാണെന്ന് ദൈവവചനം പറയുന്നു. ഇതല്ലാതെ മറ്റൊരു പൗരോഹിത്യം പുതിയ നിയമത്തിലില്ല. വിശ്വാസിയെന്നും പട്ടക്കാരനെന്നുമുള്ള വ്യത്യാസം ദൈവസഭയിലില്ല. വിശേഷിച്ചൊരു പട്ടം ദൈവാത്മാവ് ആർക്കും കൊടുക്കുന്നതുമില്ല. ഇതൊക്കെ എല്ലാ പെന്തക്കോസ്ത് സഭകളും അംഗീകരിക്കുന്ന വസ്തുതയുമാണ്. എന്നിട്ടും. സമുദായങ്ങളിലെ ബിഷപ്പുമാരേക്കാൾ വലിയ വെഷപ്പുമാരായാണ് പെന്തക്കോസ്ത് ഉപദേശിമാർ വിലസുന്നത്.

ലോകത്ത് രണ്ടുതരം ആൾക്കാർ മാത്രമേയുള്ളൂ: വീണ്ടും ജനനം പ്രാപിച്ചവരും വീണ്ടും ജനനം പ്രാപിക്കാത്തവരും, അതായത് രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും. പെന്തക്കോസ്ത് വിശ്വാസികളിൽ നല്ലൊരു പങ്ക് വീണ്ടും ജനനം പ്രാപിച്ചവരല്ല. അവർ പെന്തക്കോസ്തിൽ ചേർന്നു എന്നല്ലാതെ ക്രിസ്തുവിനോട് ചേർന്നിട്ടില്ല. വീണ്ടും ജനനം പ്രാപിക്കാത്ത നിരവധി ആളുകൾ ഇന്ന് ശുശ്രൂഷകൻമാരായി വിലസുന്നുമുണ്ട്. വീണ്ടും ജനനം പ്രാപിക്കാത്ത ആരും വിശ്വാസിയല്ല. രക്ഷിക്കപ്പെടാത്ത ആരും കർത്താവിന്റെ വരവിങ്കൽ എടുത്തുകൊള്ളപ്പെടുകയുമില്ല. ഈ വിഷയത്തിൽ ഉപദേശിയെന്നോ വിശ്വാസിയെന്നോ ഉള്ള വ്യത്യാസവുമില്ല.

പെന്തക്കോസ്തിലെ ഉപദേശിയാകുന്നതോടെ ഒരാൾ ദൈവദാസനായി മാറുന്നു എന്നൊരു തെറ്റിദ്ധാരണയും നിലവിലുണ്ട്. ഈ ധാരണയും തിരുത്തണം. എല്ലാ വിശ്വാസിയും ദൈവദാസനാണ്. ഉപദേശിമാർക്ക് ഈ വിഷയത്തിൽ ഒരു പ്രത്യേകതയുമില്ല. ഉപദേശിക്കെതിരെ സംസാരിച്ചാൽ ദൈവശിക്ഷയുണ്ടാകും എന്നൊരു ധാരണയും പെന്തക്കോസ്ത് വിശ്വാസികൾവെച്ചുപുലർത്തുന്നുണ്ട്. ഇതും ശരിയല്ല. തക്ക കാരണമുണ്ടെങ്കിൽ എത്ര വലിയ ഉപദേശിയേയും വിമർശിക്കാം. ഉപദേശിയായതുകൊണ്ട് തെറ്റു ചെയ്യാൻ ലൈസെൻസ് ലഭിക്കുന്നില്ല.

സ്ഥലം മാറി എത്തിയ പാസ്റ്ററെ തട്ടിക്കൊണ്ടുപോകാൻ ഗുണ്ടകളെ വിട്ട മഹാവിശുദ്ധനെ സഭയിൽ നിന്നും പുറത്താക്കേണ്ടതായിരുന്നു. പക്ഷേ, സർവ്വശക്തനായ ടി.എസ്.ഏബ്രഹാമിന്റെ ആശ്രിതനായ ആ പാസ്റ്റർക്കെതിരെ ഒരു നടപടിയും ഉണ്ടായില്ല. ഉണ്ടാകാൻ പോകുന്നുമില്ല. പെന്തക്കോസ്ത് സഭകൾ ഇത്ര അധഃപതിച്ചിരിക്കുന്നു. കെ.ഇ.ഏബ്രഹാമിന്റെ മകനെന്ന ഒറ്റ പരിഗണനയിൽ സഭാനേതൃത്വത്തിലെത്തിയ ടി.എസ്.ഏബ്രഹാമാണ് പെന്തക്കോസ്തിലെ മൂല്യച്യുതിക്ക് മുഖ്യ കാരണം.

വിശ്വാസികൾക്ക് ജാമ്യത്തിന്റെ ആവശ്യമുണ്ടോ എന്നതാണ് അടുത്ത പ്രശ്നം. എന്റെ അനുഭവം തന്നെ ഈ ചോദ്യത്തിനുള്ള ഉത്തരമാണ്. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ പരിശുദ്ധ ടി.എസ്.ഏബ്രഹാം കൊടുത്ത ഒരു കേസ്സിൽ എന്നെ പോലീസ് അറസ്റ്റ് ചെയ്തു. ഹൈക്കോടതിയിൽ നിന്ന് ജാമ്യം എടുത്തതുകൊണ്ട് ആറു ദിവസം മാത്രമേ ജയിലിൽ കിടക്കേണ്ടതായി വന്നുള്ളു. ജാമ്യം എടുക്കാൻ തയ്യാറാകാതിരുന്നെങ്കിൽ നിരപരാധിയായ ഞാൻ കേസ്സ് തീരുന്നതുവരെ ജയിലിൽ കിടക്കേണ്ടതായി വരുമായിരുന്നു.

വിശ്വാസികൾ തമ്മിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കോടതിയിൽ പോയി പരിഹരിക്കുന്നതിന് എതിരായ നിലപാടാണ് ബൈബിളിലുള്ളത്. പക്ഷേ, ഏറ്റവും വലിയ പെന്തക്കോസ്ത് സഭയുടെ ഏറ്റവും വലിയ നേതാവ് കള്ളക്കേസ്സ് കൊടുത്ത് എന്നെ ജയിലിലാക്കി. സുവിശേഷവേലയുടെ പേരു പറഞ്ഞ് പിരിച്ചെടുത്ത പണം കൈക്കൂലിയായി പോലീസിന് കൊടുത്താണ് എന്നെ കള്ളക്കേസ്സിൽ കുടുക്കിയത്. ഈ കേസ്സ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. സാക്ഷിവിസ്താരം നടന്നുവരുന്നു. എനിക്കെതിരെ കള്ളത്തെളിവ് ഉണ്ടാക്കാൻ പോലീസിന് സഹായം ചെയ്ത ചിലർ സമൻസും വാറന്റും ഒക്കെ കഴിഞ്ഞിട്ടും സാക്ഷി പറയാൻ കോടതിയിൽ എത്തിയിട്ടില്ല. കള്ളത്തെളിവുണ്ടാക്കിയതിന് ശിക്ഷ ലഭിക്കുമെന്ന് ഭയന്നാണ് ഇവർ ഒളിച്ചു നടക്കുന്നത്. എത്രക്കാലം ഒളിച്ചു നടന്നാലും കോടതിയിൽ ഹാജരാകാതെ രക്ഷപ്പെടാൻ ഇവർക്ക് കഴിയുകയില്ല. വ്യാജരേഖയുണ്ടാക്കി എന്നെ കള്ളക്കേസ്സിൽ കുടുക്കിയവർ നിയമത്തിന്റെ കയ്യിൽ നിന്ന് രക്ഷപ്പെടുകയുമില്ല.

വിശ്വാസികൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതുതന്നെ പോരായ്മയാണ്. എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ അത് സഭയ്ക്കുള്ളിൽ തന്നെ തീർക്കണം. ഇതാണ് ശരിയായ പോംവഴി. പക്ഷേ രക്ഷിക്കപ്പെടാത്തവരും സഭയിൽ ഉണ്ടാകാമെന്ന കാരണത്താൽ ഇത് പലപ്പോഴും നടക്കാറില്ല. പ്രശ്നം പരിഹരിക്കാൻ മറ്റ് പോംവഴി ഒന്നും ഇല്ലാതായാൽ നിയമ സഹായം തേടുകയല്ലാതെ എന്തുചെയ്യും?

കേസ്സ് കൊടുക്കുന്ന വ്യക്തിയല്ല ക്രിമിനൽ കേസ്സിലെ പ്രതിയാണ് ജാമ്യം എടുക്കേണ്ടത്. കേസ്സ് കൊടുക്കില്ല എന്ന് പ്രതിജ്ഞ എടുത്തയാളുപോലും കേസ്സിൽ പ്രതിയായെന്നു വരാം. അങ്ങനെ സംഭവിച്ചാൽ ജാമ്യം എടുക്കേണ്ടതായി വരും. എത്ര വലിയ വിശ്വാസവീരനായാലും കള്ളക്കേസ്സിൽ പ്രതിയായെന്നു വരാം. അങ്ങനെയുള്ള സന്ദർഭത്തിൽ എന്തു ചെയ്യണമെന്ന് വിശ്വാസികൾ അറിഞ്ഞിരിക്കണം. അതിനാണ് ജാമ്യത്തേക്കുറിച്ചുള്ള നിയമങ്ങൾ ഡിഫെൻഡറിൽ എഴുതിയത്.

## നിയമവിജ്ഞാനം

# പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കേണ്ട റിക്കാർഡുകൾ

<u>ജനറൽ ഡയറി</u>

ഒരു പോലീസ് സ്റ്റേഷൻ ഏറ്റവും കൂടുതലായി ദിവസവും കൈകാര്യം ചെയ്യപ്പെടുന്ന റിക്കാർഡ് ജനറൽ ഡയറിയാണ്. സി.ആർ.പി.സി.യിലും പോലീസ് ആക്റ്റിലും ഈ റിക്കാർഡിന് വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. കുറ്റങ്ങൾ സംബന്ധമായി കിട്ടുന്ന വിവരങ്ങളെ രേഖപ്പെടുത്തുക. കേസന്വേഷണത്തിന് പോകുന്ന വിവരം രേഖപ്പെടുത്തുക മുതലായി സ്റ്റേഷനിൽ നടക്കുന്ന എല്ലാ സംഭവങ്ങളും ഇതിൽ രേഖപ്പെടുത്തപ്പെടുന്നതാണ്.

ഓരോ ദിവസത്തിലും പ്രത്യേകം പ്രത്യേകമായി സമയത്തോടുകൂടി സകല കാര്യങ്ങളും രേഖപ്പെടുത്തപ്പെടുന്നതാണ്.

<u>**F I R** ബുക്ക്</u>

നടപടിക്കു എടുക്കാവുന്ന (Conginsahle) ഒരു കുറ്റത്തെപറ്റി സ്റ്റേഷനിൽ ഒരു അറിവു കിട്ടിയാൽ, ആ വിവരം ഉടൻ തന്നെ F I R ബുക്കിൽ റിക്കാർഡ് ചെയ്യപ്പെടേണ്ടതാണ്. C R P C വകുപ്പു 154 പ്രകാരം അങ്ങനെ രേഖപ്പെടുത്തപ്പെടേണ്ടത് നിർബന്ധമാണ്. വിവരം കൊടുത്ത ആളിന്റേയും, അതിൽ ബന്ധപ്പെട്ട മറ്റു ആളുകളുടേയും പൂർണ്ണ വിവരം, കുറ്റ കൃത്യത്തെപ്പറ്റിയുള്ള വിവരം, സമയം, സ്ഥലം, തീയതി തുടങ്ങിയ എല്ലാ വിവരങ്ങളും കിട്ടിയമുറയ്ക്ക് ഈ ബുക്കിൽ രേഖപ്പെടുത്തപ്പെടണം. അങ്ങനെ രേഖപ്പെടുത്തിയതിന് ശേഷമേ അന്വേഷണത്തിനുവേണ്ടി പോകാൻ പാടുള്ളൂ.

<u>ഡ്യൂട്ടി റോസ്റ്റർ</u>

ദിവസവും കാലത്തെ സ്റ്റേഷൻ ഹൗസ് ആഫീസർ, സ്റ്റേഷനിലുള്ള ഹെഡ് കോൺസ്റ്റബിൾമാർ ഉൾപ്പെടെ എല്ലാ ആളുകളും 24 മണിക്കൂറിൽ ഓരോരുത്തരും ചെയ്യേണ്ട ജോലികൾ എന്താണെന്ന് നിശ്ചയിക്കുകയും അതിനെ ഈ ബുക്കിൽ എഴുതി വയ്ക്കുകയും ചെയ്യും. ബീറ്റു ഡ്യൂട്ടി, ഗാർഡ്ഡ്യൂട്ടി, ഫറ്റ്ഗ് ഡ്യൂട്ടി, ജനറൽ ഡ്യൂട്ടി, കോടതി ഡ്യൂട്ടി, എസ്കാർട്ട് ഡ്യൂട്ടി പ്രോസസ്സ് നടത്തുന്നത്, മറ്റേതെങ്കിലും സ്പെഷ്യൽ ജോലി തുടങ്ങിയ ജോലികൾ ഈ ബുക്കിൽ എഴുതി വയ്ക്കുകയും, അതു പ്രകാരം അവരവർ അതാതു ജോലികൾ ചെയ്യേണ്ടതും ആണ്. ഓരോ ആളും ഓരോ സെക്ഷൻ ചെയ്യേണ്ട ജോലികൾ മാറിമാറിവരും.

പ്രോസ്സസ്സ് രജിസ്റ്റർ

കോടതികളിൽ നിന്ന് അയയ്ക്കപ്പെടുന്ന പ്രോസ്സസ്സുകൾ കിട്ടുന്ന മുറയ്ക്ക് രജിസ്റ്ററിൽ കുറിക്കുന്നതാണ്. പല കോടതികളിൽ നിന്നും പ്രോസ്സസ്സ് കിട്ടാനിടയുള്ളതുകൊണ്ട് ആ രജിസ്റ്ററിൽ ഓരോ കോടതിയിൽ നിന്നും വരുന്ന പ്രോസ്സസ്സുകളെ പ്രത്യേകം പ്രത്യേകം പേജുകളിൽ എഴുതണം.

പല കാരണങ്ങൾ കൊണ്ടും ചില വാറണ്ടുകൾ നിറവേറ്റപ്പെടാതിരിക്കാൻ ഇടയുണ്ട്. ഓരോ മാസവും കിട്ടുന്ന പ്രോസ്സസ്സുകൾ പ്രത്യേകം പ്രത്യേകമായി എഴുതണം. ഒരു മാസം പൂർത്തിയായതിനു ശേഷം നടത്തപ്പെടുന്ന പ്രോസ്സസ്സുകൾ അടുത്ത മാസപ്പട്ടികയിൽ ആദ്യമായി എഴുതപ്പെടണം. അങ്ങനെ നിറവേറ്റപ്പെടാത്ത വാറണ്ടുകളെ പറ്റി സ്റ്റേഷൻ ഹൗസ് ആഫീസർ മേലധികാരികളെ അറിയിക്കണം. സ്റ്റേഷൻ ഹൗസ് ആഫീസറും ഇൻസ്പെക്ടറും ഇടയ്ക്കിടയ്ക്ക് നടത്തപ്പെടാത്ത ചില വാറണ്ടുകളെ പറ്റി സ്ഥലത്ത് ചെന്ന് അന്വേഷിച്ച് വിവരങ്ങൾ അറിയുന്നു. ഇത് നിർബന്ധമായ കർത്തവ്യമാണ്.

<u>സെന്റ്റി റിലീഫ് ബുക്ക്</u>

ഒരു പോലീസ് സ്റ്റേഷനിലോ മറ്റേതെങ്കിലുമൊരു സ്ഥലത്തിലോ ഒരു കോൺസ്റ്റബിൾ സെന്റ്റി ഡ്യൂട്ടി ചെയ്യാൻ ആരംഭിച്ചിരിക്കുകയോ അല്ലെങ്കിൽ ആ ഡ്യൂട്ടി കഴിഞ്ഞ് മറ്റൊരാൾക്ക് ഏല്പ്പിക്കുകയോ ചെയ്യുമ്പോൾ ഡ്യൂട്ടിക്കാരുടെ പേര്, നമ്പർ, സമയം മുതലായ വിവരങ്ങളോടു കൂടി ഈ ബുക്കിൽ എഴുതി വയ്ക്കാവുന്നതാണ്. സെന്റ്റി ഡ്യൂട്ടിക്കാരുടെ സൂക്ഷിപ്പിലുള്ള സാധനങ്ങളിൽ സ്ഥിരമായുള്ള സാധനങ്ങൾക്ക് ഒരു പട്ടിക തയ്യാറാക്കപ്പെട്ടിരിക്കും. അങ്ങനെ സ്ഥിരമായുള്ള സാധനങ്ങളൊഴിച്ച് പുതിയതായി സാധനങ്ങൾ വന്നെങ്കിൽ അവയും ഏതെങ്കിലുമൊരു സാധനം പുറത്തുകൊണ്ടു പോയാൽ അതും സെന്റ്റി റിലീഫ് ബുക്കിൽ എഴുതുന്നതാണ്.

സെന്റ്റി ഡ്യൂട്ടിക്കാരുടെ സൂക്ഷിപ്പിൽ കൂടുതൽ പണത്തുകയോ അല്ലെങ്കിൽ ഒരു തടവുകാരനോ ഇരുന്നെങ്കിൽ ഗാർഡ് നിയമിക്കപ്പെടുന്നതാണ്. അങ്ങനെ ഗാർഡ് നിയമിക്കപ്പെട്ടിരുന്നെങ്കിലും ഒരു സമയത്തിൽ സെന്റ്റി ഡ്യൂട്ടി ചെയ്യുന്നത് അവരിൽ ഒരാൾ മാത്രമായിരിക്കും. സെന്റ്റി ഡ്യൂട്ടിയിലുള്ള ആളുകൾ മാറുമ്പോഴെല്ലാം ആ വിവരം സെന്റ്റി റിലീഫ് ബുക്കിൽ എഴുതണം.

<u>നോട്ടുബുക്കുകൾ</u>

ഹെഡ് കോൺസ്റ്റബിൾമാരുടെയും, കോൺസ്റ്റബിൾമാരുടേയും നോട്ടുബുക്കുകൾ, അവർ ഡ്യൂട്ടിയിലില്ലാത്തനേരത്തിൽ സ്റ്റേഷനിൽ സൂക്ഷിക്കപ്പെടുന്നതാണ്. ഒരു പോലീസാഫീസർ ഡ്യൂട്ടിയിലായിരിക്കുമ്പോൾ ചെയ്യുന്ന ജോലികൾ കണ്ടറിഞ്ഞ വിവരങ്ങൾ പോയ സ്ഥലങ്ങൾ കുറ്റങ്ങളെപ്പറ്റിയോ അല്ലെങ്കിൽ പ്രോസ്സസ്സുകൾ തുടങ്ങിയ എല്ലാ സംഗതികളും അവരുടെ നോട്ടുബുക്കിൽ കുറിക്കപ്പെടണം.

<u>തപാൽ ബുക്ക് (സ്റ്റാമ്പ് ബുക്ക്)</u>

ഒരു പോലീസ് സ്റ്റേഷനിൽ ഔദ്യോഗിക കത്തിടപാടിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന തപാൽ സ്റ്റാമ്പിന്റെ വരവുചിലവു കണക്ക് ഈ പുസ്തകത്തിൽ എഴുതപ്പെടുന്നതാണ്.

<u>ചെക്ക് രജിസ്റ്റർ</u>

ഇതൊരു പ്രധാനപ്പെട്ട റിക്കാർഡ് പുസ്തകമാണ്. ഇതിൽ മുൻ ശിക്ഷക്കാർ കുപ്രസിദ്ധ കുറ്റക്കാർ, നോട്ടത്തിലുള്ള പുള്ളികൾ, സംശയിക്കപ്പെടുന്ന ആളുകൾ മുതലായവരുടെ പൂർണ്ണ വിവരം അടങ്ങിയിരിക്കും. അവരുടെ നടത്ത പോക്ക്, തൽക്കാലം അവർ ചെയ്യുന്ന പ്രവർത്തികൾ, കുറ്റം ചെയ്യുന്ന സ്വഭാവത്തിന്റെ സ്ഥിതി അവരുടെ താമസസ്ഥല മാറ്റം മുതലായവയെക്കുറിച്ച് തുടർന്ന് അന്വേഷണം നടത്തപ്പെടുകയും അത് സംബന്ധിച്ച് കിട്ടുന്ന വിവരങ്ങൾ ഈ ബുക്കിൽ കുറിക്കപ്പെടുന്നതാണ്.

<u>വില്ലേജ് റോസ്റ്റർ (വില്ലേജ് ബുക്ക്)</u>

ഓരോ സ്റ്റേഷന്റെ അതിർത്തിക്കുള്ളിൽ ഇരിക്കുന്ന പ്രധാനപ്പെട്ട വില്ലേജുകളും അവയ്ക്കടുത്തുള്ള ചെറിയ വില്ലേജുകളും, ബീറ്റ് ഡ്യൂട്ടിക്ക് ഉതകത്തക്കവണ്ണം പ്രത്യേകം പ്രത്യേകം ഭാഗങ്ങളായി ഭാഗിക്കപ്പെട്ട് ഈ ബുക്കിൽ കുറിക്കപ്പെട്ടിരിക്കും. ഓരോ വില്ലേജിലുമുള്ള പ്രമുഖൻമാർ, കെ.ഡി.കൾ നോട്ടപ്പുള്ളികൾ മറ്റും പോലീസ് ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിലിരിക്കേണ്ട പ്രധാന കാര്യങ്ങളെല്ലാം ഈ പുസ്തകത്തിൽ കുറിച്ചിരിക്കും.

<u>ഇൻസ്പെക്ഷൻ ബുക്ക്</u>

ഒരു പോലീസ് സ്റ്റേഷനിൽ ഇൻസ്പെക്ഷൻ നടത്തുന്ന മേലുദ്യോഗസ്ഥൻമാർ അവരുടെ അഭിപ്രായങ്ങളും ഉത്തരവുകളും ഈ പുസ്തകത്തിൽ എഴുതി വയ്ക്കും. അതിനനുസരിച്ച് സ്റ്റേഷൻ ഹൗസ് ആഫീസർ നടപടി എടുക്കുകയും അതിനെപ്പറ്റി മേലധികാരികളെ അറിയിക്കുകയും ചെയ്യണം.

<u>പരിശോധനാ രജിസ്റ്റർ</u>

അറസ്റ്റു ചെയ്യപ്പെട്ട ഒരാളുടെ ശരീരപരിശോധന മൂലം കിട്ടുന്ന സാധനങ്ങൾ ഇതിൽ കുറിക്കപ്പെടുന്നതാണ്. ഈ സാധനപട്ടികയുടെ ഒരു പകർപ്പ് ആ ആളിനും കൊടുക്കപ്പെടുന്നതാണ്.

<u>അവകാശിയില്ലാത്ത സാധനങ്ങളുടെ രജിസ്റ്റർ</u>

പൊതുസ്ഥലങ്ങൾ, യാത്രക്കാരുടെ വാഹനങ്ങൾ മുതലായ സ്ഥലങ്ങളിൽ നിന്നും കിട്ടുന്ന സാധനങ്ങൾക്ക് അവകാശി ആരുമില്ലെങ്കിൽ അവ ഈ പുസ്തകത്തിൽ എഴുതപ്പെടുകയും അതിനുശേഷം അധികാരമുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ അടുക്കൽ അയയ്ക്കപ്പെടുകയും ചെയ്യണം.

<u>സ്റ്റേഷൻ സ്റ്റോക്ക് രജിസ്റ്റർ</u>

സ്റ്റേഷനിൽ സ്ഥിരമായുള്ള ഗവൺമെന്റ് സാധനങ്ങൾ, ആയുധങ്ങൾ, തോട്ടകൾ എല്ലാം ഈ പുസ്തകത്തിൽ കുറിക്കപ്പെട്ടിരിക്കുകയും, മേലധികാരികൾ ഇൻസ്പെക്ഷൻ ചെയ്യുമ്പോൾ ഇതിലുള്ള ഇനങ്ങളെ പരിശോധിച്ചു നോക്കുകയും ചെയ്യുന്നതാണ്.

<u>കളവുപോയ സാധനങ്ങളുടെ രജിസ്റ്റർ</u>

ഒരു കേസിൽ കളവു പോയതായി പറയപ്പെടുന്ന സാധനങ്ങളുടെയും അവയിൽ തിരികെ കിട്ടിയ സാധനങ്ങളുടെയും വിവരങ്ങൾ ഇതിൽ കാണും.

<u>ക്യാഷ് ബുക്ക്</u>

പണമിടപാട് സംബന്ധിച്ചുള്ള എല്ലാ വരവുചിലവു വിവരങ്ങളും ഇതിൽ കുറിക്കപ്പെടുന്നതാണ്.

<u>കുറ്റസ്ഥാപന രജിസ്റ്റർ</u>

പലതരപ്പെട്ട കുറ്റങ്ങൾ സംബന്ധമായി ശിക്ഷിക്കപ്പെട്ട ആളുകളുടെ പേര്, മേൽവിലാസം, കുറ്റങ്ങളുടെയും, ശിക്ഷകളുടെയും പൂർണ്ണ വിവരം എല്ലാം ഇതിൽ കുറിക്കപ്പെടുന്നതാണ്.

<u>നിസ്സാരകേസ്സുകളുടെ രജിസ്റ്റർ</u>

ഇൻഡ്യൻ ശിക്ഷാ നിയമം, പോലീസ് ആക്റ്റ്, മോട്ടോർ വാഹന ആക്റ്റ് മുതലായ പല സ്പെഷ്യൽ ആക്റ്റുകൾ എന്നിവയുടെ കീഴിൽ വരുന്ന നിസ്സാര കേസുകൾ, ന്യൂയിസൻസ് കേസുകൾ മുതലായവ ഈ രജിസ്റ്ററിൽ കുറിക്കപ്പെടുന്നതാണ്.

<u>ബോണ്ടുകളുടെ രജിസ്റ്റർ</u>

കുറ്റക്കാർ, ഉറപ്പുകാർ (Sureties), സാക്ഷികൾ മുതലായവരിൽ നിന്നും കിട്ടുന്ന ബോണ്ടുകളുടെ വിവരങ്ങൾ ഇതിൽ കുറിക്കപ്പെടുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് താഴെ പറയുന്ന റിക്കാർഡുകൾ എല്ലാ സ്റ്റേഷനുകളിലും സ്ഥിരമായിരിക്കും.

1. ഹാജർ രജിസ്റ്റർ
2. ലീവ് രജിസ്റ്റർ
3. മെഡിക്കൽ ഹിസ്റ്ററി ഷീറ്റ്
4. സർവ്വീസ് ബുക്കുകൾ
5. സർവ്വീസ് നടത്ത ഷീറ്റുകൾ
6. റയിൽവേ, ബസ് മുതലായ വാറണ്ട് ബുക്കുകൾ
7. പാസ്പോർട്ട് ബുക്കുകൾ

കുറ്റക്കാരെ സംബന്ധിച്ച് താഴെ പറയുന്ന റിക്കാർഡുകൾ എല്ലാ സ്റ്റേഷനുകളിലും ഉണ്ടായിരിക്കും.

കുറ്റക്കാരുടെ പൂർവ ചരിത്രം, വലിയ ശിക്ഷ വിധിക്കപ്പെട്ടിട്ടുള്ള കുറ്റക്കാർ, മുൻശിക്ഷക്കാർ, ദുർനടത്തക്കാർ, സംശയിക്കപ്പെടുന്നവർ, പതിവുകുറ്റക്കാർ, കളവു സാധനങ്ങൾ വാങ്ങുന്നവർ, കുറ്റക്കാർക്ക് സഹായമോ, പ്രേരകമോ നൽകുന്നവർ, റൗഡികൾ, കെ.ഡി.കൾ, നോട്ടപ്പുള്ളികൾ മുതലായവരുടെ പേര്, മേൽവിലാസം, പൂർവ്വ ചരിത്രം, പോക്ക്, തൊഴിൽ, സ്വഭാവം, നടത്ത തുടങ്ങിയ സംഗതികളെപ്പറ്റിയ പൂർണ്ണവിവരവും, ഓരോ ആളിനും പ്രത്യേകം പ്രത്യേകമായി മേൽപറഞ്ഞിട്ടുള്ള ഹിസ്റ്ററി ഷീറ്റുകളിൽ എഴുതിയിരിക്കും. അവരെ പറ്റിയുള്ള സ്ഥിതി വിവരങ്ങൾ അപ്പോഴപ്പോൾ അന്വേഷിച്ച് അറിയപ്പെടുകയും, അവരവരുടെ ഹിസ്റ്ററി ഷീറ്റിൽ കുറിക്കപ്പെടുകയും ചെയ്യുന്നതാണ്.

<u>സ്റ്റേഷൻ ക്രൈം രജിസ്റ്റർ</u>

ഒരു പോലീസ് സ്റ്റേഷനിലുള്ള മുഖ്യ റിക്കാർഡുകളിൽ ഇതും ഉൾപ്പെടുന്നതാണ്. ഒരു സ്റ്റേഷന്റെ അതിരിനകത്ത് നടന്നിട്ടുള്ള എല്ലാ കുറ്റങ്ങളും ഇതിൽ റിക്കാർഡു ചെയ്യപ്പെടും. സ്റ്റേഷനതിരിനകത്ത് നടക്കുന്ന കുറ്റങ്ങളുടെ സ്വഭാവങ്ങൾ, സംഖ്യ എന്നിവയെ കണക്കിലെടുത്തു നോക്കിയാൽ പല സ്റ്റേഷനുകൾ തമ്മിൽ വളരെ വ്യത്യാസം കാണും. ചില സ്റ്റേഷനുകളിൽ ചില പ്രത്യേക തരത്തിലുള്ള കുറ്റങ്ങൾ കൂടുതലായിരിക്കും.

ഓരോ സ്റ്റേഷനിലും നടക്കുന്ന കുറ്റങ്ങൾ ആണ്ടുതോറും കണക്കെടുത്ത് കുറ്റങ്ങളുടെ പടം (Crime Map) തയ്യാറാക്കുകയും, ഓരോ വകയിലുംപെട്ട കുറ്റങ്ങൾ അധികാരമാകുന്നുണ്ടോ അല്ലെങ്കിൽ കുറയുന്നുണ്ടോ എന്ന് ഒത്തു നോക്കുകയും ചെയ്യുന്നത് പതിവാണ്. ഇത് പോലീസ് വിഭാഗത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു ജോലിയാണ്. ഇതിലേയ്ക്ക് വേണ്ടിയുള്ള വിവരങ്ങൾ ക്രൈം രജിസ്റ്ററിൽ നിന്നാണ് ശേഖരിക്കപ്പെടുന്നത്. നടന്നിട്ടുള്ള കുറ്റങ്ങളെ IPC അദ്ധ്യായങ്ങൾ പ്രകാരം പല ഇനങ്ങളായി തരംതിരിച്ച് ഓരോ ഇനത്തിലും പെട്ട കുറ്റങ്ങളെ പ്രത്യേകമായ പട്ടികയിലെഴുതി സ്റ്റേറ്റ്മെന്റ് തയ്യാറാക്കണം.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം

you@yourname.com എന്ന ഈമെയിൽ

ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം

ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-2592249

മൊബൈൽ: 94474 14608

# അച്ചൻകുഞ്ഞ് ഇലന്തൂർ മറുപടി പറയണം

അഭിപ്രായ സ്വാതന്ത്ര്യമുള്ള രാജ്യമാണ് ഇന്ത്യ. ഏതു മതത്തിൽ വിശ്വസിക്കാനും അത് പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ പൗരനുണ്ട്. അതുകൊണ്ട് അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന പൗരനും തനിക്ക് ഇഷ്ടമുള്ളതൊക്കെ വിശ്വസിക്കാം.

സാധാരണക്കാരനായ വിശ്വാസിയും അച്ചൻകുഞ്ഞ് ഇലന്തൂരും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അച്ചൻകുഞ്ഞ് ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമാണ്. പെന്തക്കോസ്ത് കൗൺസിലിന്റെ ഭാരവാഹിയാണ്. സാമാന്യം പ്രചാരമുള്ള മരുപ്പച്ച ദ്വൈവാരികയുടെ പത്രാധിപരുമാണ്. അതുകൊണ്ട് അച്ചൻകുഞ്ഞിന്റെ വിശ്വാസം ഒരു സ്വകാര്യ വിഷയം എന്നതിൽ കവിഞ്ഞ് പ്രാധാന്യമുള്ള വിഷയമാണ്.

ഐ.പി.സിയിലെ അംഗവും ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗവുമായ അച്ചൻ കുഞ്ഞ് ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങൾ ചോദ്യം ചെയ്യാതെ വിശ്വസിക്കാൻ ബാദ്ധ്യസ്ഥനാണ്. പെന്തക്കോസ്ത് കൗൺസിലിന്റെ അംഗം പെന്തക്കോസ്ത് വിശ്വാസമുള്ള വ്യക്തി ആയിരിക്കണം. പെന്തക്കോസ്ത് വിശ്വാസിയായി അറിയപ്പെടുകയും ആ നിലയിൽ പരിഗണിക്കപ്പെടുകയും ചെയ്യുന്ന അച്ചൻ കുഞ്ഞ് യഥാർത്ഥത്തിൽ പെന്തക്കോസ്ത് വിശ്വാസമില്ലാത്ത വ്യക്തിയാണെന്ന് ഡിഫെൻഡർ ബലമായി സംശയിക്കുന്നു. ഡിഫെൻഡറിന്റെ സംശയം ശരിയാണെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്. അർഹിക്കുന്ന ഗൗരവത്തിൽ അത് എടുത്തേ മതിയാകൂ. അതുകൊണ്ട് അച്ചൻകുഞ്ഞിന്റെ വിശ്വാസം എന്തെന്ന് അറിയേണ്ടതുണ്ട്.

താഴെ പറയുന്ന കാര്യങ്ങൾ അച്ചൻകുഞ്ഞ് വിശ്വസിക്കുന്നതായാണ് ഡിഫെൻഡർ മനസ്സിലാക്കുന്നത്:

1.ബൈബിളിൽ എത്ര പുസ്തകമുണ്ടെന്ന് തീർത്തു പറയാനാവില്ല. 66 പുസ്തകങ്ങൾ എന്ന് സാധാരണ പറയാറുണ്ടെങ്കിലും ഈ എണ്ണം ശരിയാണെന്ന് ഉറപ്പിച്ചു പറയാനാവില്ല.
2. നിഖ്യാ വിശ്വാസപ്രമാണത്തിൽ പറയുന്ന കാര്യങ്ങൾ വിശ്വസിക്കുന്നവരെല്ലാം രക്ഷിക്കപ്പെടും.
3. കത്തോലിക്കനോ ഓർത്തഡോക്സ്കാരനോ ആയിരുന്നുകൊണ്ടുതന്നെ ഒരാൾക്ക് നിത്യജീവൻ പ്രാപിക്കാൻ കഴിയും.
4. മദർ തെരേസയേപ്പോലുള്ള വ്യക്തികൾ രക്ഷിക്കപ്പെട്ടവരാണ്. അവർ നിത്യരക്ഷ പ്രാപിക്കുമെന്നതിന് സംശയമില്ല.
5. രക്ഷിക്കപ്പെട്ട വ്യക്തി വിശ്വാസസ്നാനം സ്വീകരിക്കണമെന്ന് നിർബ്ബന്ധമില്ല. വിശ്വാസം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് കത്തോലിക്കാ സഭയിലോ മറ്റ് ക്രൈസ്തവ സമുദായങ്ങളിലോ അംഗമായി തുടരുന്നത് തെറ്റല്ല.
6. പരിശുദ്ധാത്മസ്നാനത്തിന്റെ പ്രത്യക്ഷ അടയാളമെന്ന നിലയിൽ അന്യഭാഷയെ സ്വീകരിക്കാനാവില്ല. എല്ലാ വിശ്വാസികളും പരിശുദ്ധാത്മ സ്നാനം പ്രാപിച്ചവരാണ്. അന്യഭാഷ കൃപാവരങ്ങളിൽ ഒന്നു മാത്രമാണ്. അന്യഭാഷാഭാഷണം പരിശുദ്ധാത്മസ്നാനത്തിന്റെ പ്രത്യക്ഷ അടയാളമാണെന്ന പഠിപ്പിക്കൽ പെന്തക്കോസ്ത് ഉപദേശത്തിന്റെ ഭാഗമല്ല. കെ.ഇ.ഏബ്രഹാമാണ് ഈ അബദ്ധോപദേശം കൊണ്ടുവന്നത്. ഐ.പി.സിയുടെ വിശ്വാസപ്രമാണത്തിൽ നിന്നും ഇത് നീക്കേണ്ടതാണ്.
7. കത്തോലിക്കരുൾപ്പെടെയുള്ള സമുദായങ്ങളുമായി വിശ്വാസികൾക്ക് സഹകരിക്കാം. വേർപാടിന്റെ പേരുപറഞ്ഞ് ക്രൈസ്തവ സമുദായങ്ങളുമായി അകന്നു നിൽക്കുന്നത് ശരിയായ നടപടിയല്ല.
8. കത്തോലിക്കാസഭയെ മഹതിയാം ബാബിലോണായി ചിത്രീകരിച്ച് കെ.ഇ.ഏബ്രഹാം പുസ്തകമെഴുതിയത് തെറ്റായിപ്പോയി. ഈ തെറ്റിന് കെ.ഇ.ഏബ്രഹാമിന്റെ പിൻതലമുറയും ഐ.പി.സിയും കത്തോലിക്കരോട് ക്ഷമ പറയണം.
9. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയവയേക്കുറിച്ച് ഏഴു പറുദീസകൾ എന്ന പുസ്തകത്തിൽ കെ.ഇ.ഏബ്രഹാം പറയുന്ന കാര്യങ്ങൾ വിശ്വസനീയമല്ല.

അച്ചൻകുഞ്ഞിന്റെ വിശ്വാസങ്ങളിൽ എതിർക്കപ്പെടേണ്ടത് എന്ന് ഡിഫെൻഡർ കണക്കുകൂട്ടുന്നവ പ്രധാനമായും ഇത്രയുമാണ്. മറ്റു ചില കാര്യങ്ങളിലും വിയോജിക്കേണ്ടതുണ്ടെങ്കിലും അവയൊന്നും ഇത്രത്തോളം ഗൗരവമുള്ളവയല്ല.

ഈ പറഞ്ഞവയിൽ ഏതെങ്കിലും അച്ചൻകുഞ്ഞിന്റെ വിശ്വാസമല്ലെങ്കിൽ അത് തുറന്നു പറയണം. മറുപടി മരുപ്പച്ചയിൽ പ്രസിദ്ധീകരിക്കുകയാണ് ഉചിതം. അതിന് എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ഡിഫെൻഡറിന് എഴുതി തരിക.

നിലപാടുകളിൽ ഉറച്ചു നിൽക്കാനോ തന്റെ നിലപാട് തുറന്നു പറയാനോ അച്ചൻ കുഞ്ഞ് ശ്രമിക്കാറില്ല. ഒരു ആവേശത്തിന് മാർതോമ്മാ സഭ വിട്ട് പെന്തക്കോസ്തിൽ ചേർന്നു എന്നതിൽ കവിഞ്ഞ് ഒരു പ്രതിബദ്ധതയും അച്ചൻകുഞ്ഞിന് പെന്തക്കോസ്ത് വിശ്വാസത്തോടില്ല. അതുകൊണ്ട് താൻ എന്താണ് വിശ്വസിക്കുന്നതെന്ന് വ്യക്തമായി പറയാൻ അച്ചൻകുഞ്ഞിന് ബുദ്ധിമുട്ടുണ്ടാകും. പെന്തക്കോസ്ത് വിശ്വാസ പ്രമാണങ്ങളെ പരസ്യമായി തള്ളിപ്പറഞ്ഞാൽ പെന്തക്കോസ്തിൽ നിന്ന് ഔട്ടായെന്നും വരാം. അതു കൊണ്ട് എങ്ങും തൊടാതെ വർത്തമാനം പറയുകയും എഴുതുകയും ചെയ്യുകയാണ് അച്ചൻ കുഞ്ഞിന്റെ സ്ഥിരം പരിപാടി. അത് ഇനി നടപ്പില്ല.

കഴിഞ്ഞ ചില ലക്കങ്ങളിലായി അച്ചൻകുഞ്ഞിന്റെ തനിനിറം ഡിഫെൻഡർ തുറന്നു കാട്ടിയിരുന്നു. പക്ഷേ, അച്ചൻ കുഞ്ഞ് പ്രതികരിച്ചില്ല. അതിന് ചില കാരണങ്ങളുണ്ട്.
1. മിണ്ടാതിരുന്നാൽ ഡിഫെൻഡർ എഴുത്ത് നിർത്തുമെന്ന് അച്ചൻകുഞ്ഞ് കരുതുന്നു.
2. മറുപടി പറഞ്ഞ് വിവാദമുണ്ടാക്കിയാൽ അച്ചൻകുഞ്ഞിന്റെ തനിനിറം കൂടുതൽ ആളുകൾ കാണാൻ ഇടയാകും.
3. ഡിഫെൻഡർ എഴുതിയതെല്ലാം ശരിയാണ്. അതുകൊണ്ട് എതിർക്കാൻ ബുദ്ധിമുട്ടാണ്.
4. റ്റി.എസ്.ബാലനോട് മറുപടി പറയുന്നത് അത്യുന്നതനായ അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ അന്തസ്സിന് ചേർന്നതല്ല.
5. മറുപടി പറയാതിരുന്നാൽ ഡിഫെൻഡർ പറയുന്നത് കള്ളമാണെന്ന് ജനം തെറ്റിദ്ധരിച്ചുകൊള്ളും.

പെന്തക്കോസ്ത് വിശ്വാസത്തിന്റെ കാവൽഭടനേപ്പോലെ വേഷമിട്ടുകൊണ്ട് പെന്തക്കോസ്ത് ഉപദേശത്തിനു വിരുദ്ധമായി പ്രചരിപ്പിക്കുന്ന അച്ചൻകുഞ്ഞിനെ എതിർക്കാതിരുന്നാൽ അത് ഗുരുതരമായ ഭവിഷ്യത്തുകൾ ഉളവാക്കും, സാധുക്കളായ വിശ്വാസികൾ ഉപദേശപ്പിശകിലാകും. അത് തടഞ്ഞേ മതിയാകൂ.

## നെറ്റ്സ്കേപ്പ് 8 അപകടകാരി: മൈക്രോസോഫ്റ്റ്

നെറ്റ്സ്കേപ്പ് അടുത്ത കാലത്ത് പുറത്തിറക്കിയ വേർഷൻ എട്ട് അപകടകാരിയാണെന്ന് മൈക്രോസോഫ്റ്റ് മുന്നറിയിപ്പ് നൽകുന്നു. വിൻഡോസിലുള്ള ഇന്റർനെറ്റ് എക്പ്ലോറർ നെറ്റ്സ്കേപ്പുമായി പൊരുത്തപ്പെടുന്നില്ല എന്നതാണ് പ്രധാന പ്രശ്നം.

നെറ്റ്സ്കേപ്പ് 8 ഉപയോഗിച്ച് ബ്രൗസ് ചെയ്തശേഷം ഇന്റർനെറ്റ് എക്സ്പ്ലോറർ ഉപയോഗിക്കുമ്പോഴാണ് പ്രശ്നം ഉണ്ടാകുന്നത്. ഇന്റർനെറ്റ് എക്സ്പ്ലോററിൽ ചില സൈറ്റുകൾ കാണാൻ സാധിക്കാതെ വരും എന്നതാണ് പ്രശ്നം. മൈക്രോസോഫ്റ്റിന്റെ വിൻഡോസ് ഉപയോഗിക്കുന്നവർ നെറ്റ്സ്ക്കേപ്പ് 8 ഒഴിവാക്കിയാൽ പ്രശ്നം തീരും.

## നെടുംപറമ്പിൽ ഗ്രൂപ്പിന്റെ റീജന്റ് ഹവായ് പാദരക്ഷകൾ വിപണിയിൽ

തിരുവല്ലയിലെ പ്രമുഖ ബിസിനസ്സ് ഗ്രൂപ്പായ നെടുംപറമ്പിൽ ഗ്രൂപ്പ് ഹവായ് ചെരുപ്പുകളുടെ നിർമ്മാണവും വിതരണവും ആരംഭിച്ചു. പ്രമുഖ ബ്രാഞ്ചുകളുടെ മൊത്ത വിതരണം ഏറ്റെടുത്തുകൊണ്ട് രണ്ടു വർഷങ്ങൾക്കു മുമ്പ് രംഗത്തുവന്ന നെടുംപറമ്പിൽ ഗ്രൂപ്പ് സ്ഥാപനമായ നെടുംപറമ്പിൽ എന്റർപ്രൈസസ് ആണ് റീജന്റ് ഹവായ് ബ്രാഞ്ചുകളുടെ നിർമ്മാതാക്കൾ. അത്യാധുനിക എച്ച്.ഡി. ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന റീജന്റ് ഹവായ് ദീർഘകാലം ഈടുനിൽക്കുന്നതും ഏതു കാലാവസ്ഥയേയും അതിജീവിക്കുന്നതും ആണ്. റീജന്റ് ഹവായിയുടെ ശീതൾ ബ്രാൻഡ് ആണ് ഇപ്പോൾ വിപണിയിൽ ഇറങ്ങിയിരിക്കുന്നത്.

റീജന്റ് ഹവായ് പാദരക്ഷകളുടെ നിർമ്മാണ, വിപണനത്തോടനുബന്ധിച്ചുള്ള സമർപ്പണ പ്രാർത്ഥന മെയ് 8–ന് കുറ്റപ്പുഴ നെടുംപറമ്പിൽ ഗാർഡൻസിൽ വച്ച് പാസ്റ്റർ എം.ജെ. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്നു. നെടുംപറമ്പിൽ ഗ്രൂപ്പ് ജനറൽ മാനേജർ കെ.എം. തോമസ് സ്വാഗതം ആശംസിക്കുകയും ഫുഡ് വെയർ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റ്റി.സി. സൈമൺ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. നെടുംപറമ്പിൽ ഗ്രൂപ്പ് എം.ഡി. രാജു ജോർജ്ജ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെയും ലക്ഷ്യങ്ങളെയും വിവരിച്ചു. പാസ്റ്റർ രാജു പൂവക്കാല മുഖ്യ സന്ദേശം നൽകി. പാസ്റ്റർ ജേക്കബ് സാമുവൽ സമർപ്പണ പ്രാർത്ഥന നടത്തി.

തിരുവല്ല എം.എൽ.എ. എലിസബത്ത് മാമ്മൻ മത്തായി, സാം ഈപ്പൻ (പെരിങ്ങര പഞ്ചായത്ത് പ്രസിഡന്റ്), എൻ.എം. ജയിംസ് (നെടുംപറമ്പിൽ സിൻഡിക്കേറ്റ്, എറണാകുളം), അഡ്വ. വർഗീസ് മാമ്മൻ, വർഗീസ് ജോൺ, ചെറിയാൻ പോളച്ചിറയ്ക്കൽ എന്നിവർ ആശംസയർപ്പിച്ചു.

ഹവായ് ചെരുപ്പുകൾ കൂടാതെ ലതർ, പോളിമർ ചെരുപ്പുകൾ, ഷൂസുകൾ എന്നിവയുടെ നിർമ്മാണവും നെടുംപറമ്പിൽ എന്റർപ്രൈസ് ലക്ഷ്യമിടുന്നതായി രാജു ജോർജ്ജ് അറിയിച്ചു. ഇപ്പോൾ തന്നെ റബ്കോ ഹവായ്, വി.കെ.സി., ട്രേസർ എന്നിവയുടെ മൊത്ത വിതരണക്കാരുമാണ് നെടുംപറമ്പിൽ എന്റർപ്രൈസസ്.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-2592249, 9447414608

# ഹാരി പോട്ടർ വീണ്ടും വരുന്നു

ഹാരി പോട്ടർ പരമ്പരയിലെ ആറാമത്തെ പുസ്തകം ജൂലൈ 16ന് പുറത്തിറങ്ങുകയാണ്. ഹാരി പോട്ടർ ആന്റ് ദി ഹാഫ് ബ്ലഡ് പ്രിൻസ് എന്നാണ് പുസ്തകത്തിന്റെ പേര്. ഇതിനോടകം രണ്ടു ലക്ഷത്തിൽ അധികം കോപ്പികൾ ബുക്ക് ചെയ്തു കഴിഞ്ഞതായി ആമസോൺ ബുക്സ് അറിയിക്കുന്നു. ഹാരി പോട്ടർ പുസ്തകങ്ങൾക്ക് അസാധാരണ സ്വീകരണമാണ് ലോകമെമ്പാടും ലഭിക്കുന്നത്.




ഹാരി പോട്ടർ എന്ന കുട്ടിയുടെ കഥ നോവൽ പരമ്പരയിലൂടെ പറയുന്ന പുസ്തകങ്ങളാണിത്. Harry Potter and the Sorcerer's Stone, Harry Potter and the Chamber of Secrets, Harry Potter and the Prisoner of Azkaban, Harry Potter and the Goblet of Fire, Harry Potter and the Order of the Phoenix എന്നിവയാണ് ഇതുവരെ പുറത്തിറങ്ങിയിട്ടുള്ള ഹാരി പോട്ടർ പുസ്തകങ്ങൾ.

അഞ്ചുവർഷം മുൻപാണ് ഹാരി പോട്ടർ പരമ്പരയിലെ നാലാം പുസ്തകമായ Harry Potter and the Goblet of Fire പുറത്തു വന്നത്. അന്ന് ഈ പുസ്തകം വില്പനയിൽ റിക്കാഡ് ഇട്ടിരുന്നു. രണ്ടു വർഷം മുൻപ് പ്രസിദ്ധീകരിച്ച അഞ്ചാം പുസ്തകമായ Harry Potter and the Order of the Phoenix കേവലം രണ്ടു ദിവസം കൊണ്ട് പത്തു ലക്ഷത്തിൽ അധികം കോപ്പികളാണ് വിറ്റുപോയത്. ഇനി ഈ പരമ്പരയിൽ രണ്ടു പുസ്തകങ്ങൾ കൂടി പുറത്തുവരാനുണ്ട്. അവയിൽ ഒന്നാണ് ജൂലൈ 16ന് പുറത്തിറങ്ങുന്നത്. ഈ പരമ്പരയിലെ Harry Potter and the Sorcerer's Stone, Harry Potter and the Chamber of Secrets, Harry Potter and the Prisoner of Azkaban എന്നിവ സിനിമ ആയിട്ടുണ്ട്.

ജെ.കെ.റോലിങ് എന്ന സ്ക്കോട്ടിഷ് വനിതയാണ് ഈ പുസ്തകങ്ങൾ എഴുതിയത്. പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന ഇവർ ഈ പുസ്തകങ്ങളിലൂടെ കോടിശ്വരിയായിത്തീർന്നു.

ഇംഗ്ലണ്ടിലാണ് റോലിങ് ജനിച്ചതും വളർന്നതും. 1990ൽ ഒരു ട്രെയിൻ കാത്തു നിൽക്കുമ്പോഴാണ് ഹാരി പോട്ടർ പുസ്തകം എഴുതാനുള്ള ആശയം അവർക്ക് ലഭിച്ചത്. അടുത്ത അഞ്ചു വർഷംകൊണ്ടാണ് റോലിങ് ആദ്യത്തെ പുസ്തകം എഴുതി പൂർത്തിയാക്കിയത്. അത് പ്രസിദ്ധീകരിക്കാൻ വീണ്ടും രണ്ടു വർഷം വേണ്ടിവന്നു. അങ്ങനെ, ഹാരി പോട്ടർ പരമ്പരയിലെ ആദ്യ പുസ്തകം 1997ൽ പുറത്തുവന്നു.

മാതാവിൻെറ മരണത്തെ തുടർന്ന് അവർ പോർച്ചുഗലിലേക്ക് പോകുകയും അവിടെ ഇംഗ്ലീഷ് അദ്ധ്യാപികയായി ജോലി നോക്കുകയും ചെയ്തു. അവിടെവെച്ച് അവർ ഒരു പത്രപ്രവർത്തകനെ വിവാഹം കഴിക്കയും ജസീക്ക എന്ന കുട്ടിയുടെ മാതാവാകുകയും ചെയ്തു. പക്ഷേ, ആ വിവാഹബന്ധം ഏറെ നീണ്ടുനിന്നില്ല. അങ്ങനെ അവർ കുട്ടിയുമായി എഡിൻബർഗ്ഗിൽ എത്തി. കടുത്ത ദാരിദ്ര്യമാണ് അവരെ അവിടെ എതിരേറ്റത്. ഭക്ഷണംപോലും കഴിക്കാൻ വകയില്ലാതെ അവർ തെരുവിലൂടെ അലഞ്ഞു. പക്ഷേ, ഏറെ താമസിയാതെ അവരുടെ പുസ്തകം ജനപ്രീതി നേടി. ഹാരി പോട്ടറുടെ രണ്ടും മൂന്നും ഭാഗങ്ങൾ അവരെ കോടീശ്വരി ആക്കുകയും ചെയ്തു. ഇന്ന് അവർ എലിസബേത്ത് രാജ്ഞിയേക്കാളും വലിയ പണക്കാരിയാണ്.

റോലിങ് ജീവിതത്തിൽ കണ്ടുമുട്ടിയ ആളുകളാണ് ഹാരി പോട്ടർ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. ഉദാഹരണമായി പോട്ടർ അവരുടെ കളിക്കൂട്ടുകാരനായിരുന്നു. ഹാരി പോട്ടർ പരമ്പരയിൽ രണ്ടു പുസ്തകങ്ങൾ കൂടി എഴുതിയിട്ട് വിരമിക്കാനാണ് അവർ ആഗ്രഹിക്കുന്നത്.

നാലു വർഷം മുൻപ് അവർ വീണ്ടും വിവാഹം കഴിച്ചു. ഇപ്പോൾ ഡേവിഡ് എന്ന ഒരു ആൺകുട്ടിയും അവർക്കുണ്ട്.

കഥാനായകനായ ഹാരി പോട്ടർ പതിനൊന്ന് വയസ്സുള്ള കുട്ടിയാണ്. പോട്ടറുടെ അമ്മ ഒരു മന്ത്രവാദിനി ആയിരുന്നു. ലോഡ് വോൾഡിമോർട്ട്, പോട്ടറുടെ മാതാപിതാക്കളെ വധിച്ചതിനാൽ ഈ കുട്ടി ബന്ധുക്കളോടൊപ്പമാണ് വളർന്നത്. എല്ലാവരിൽ നിന്നും പരിഹാസവും നിന്ദയുമാണ് പോട്ടർക്ക് ലഭിച്ചത്. പോട്ടർക്ക് 11 വയസ്സുള്ളപ്പോൾ അവൻെറ ജീവിതത്തെ മാറ്റിമറിക്കുന്ന ഒരു സംഭവമുണ്ടായി. ഒരു മൂങ്ങ പോട്ടർക്ക് പ്രത്യക്ഷമാകുകയും അവനെ ഒരു മന്ത്രവാദ പാഠശാലയിലെ വിദ്യാർത്ഥിയായി സ്വീകരിച്ചിരിക്കുന്നു എന്ന വാർത്ത അറിയിക്കുകയും ചെയ്തു.

മന്ത്രവാദത്തിൻെറ അത്ഭുത ലോകത്തെത്തിയ പോട്ടർ ഏറെ താമസിയാതെ ആഭിചാര കർമ്മങ്ങളിൽ വിദഗ്ദ്ധനായി. ഭൂതപ്രേതാദികൾ അവൻെറ കൂട്ടുകാരായി. അതോടൊപ്പം അവന് നിരവധി ശത്രുക്കളുമുണ്ടായി. അവരുമായി പോട്ടർ നടത്തുന്ന ഏറ്റുമുട്ടലുകളാണ് കഥയെ മുൻപോട്ടു കൊണ്ടുപോകുന്നത്.

ഈ നോവലിൽ ശാസ്ത്രത്തിനോ യുക്തിചിന്തക്കോ സ്ഥാനമില്ല. കാരണം, ഭൂതപ്രേതാദികൾ ഉണ്ടെന്ന് ശാസ്ത്രലോകം ഇതുവരെ അംഗീകരിച്ചിട്ടില്ല. മന്ത്രവാദത്തിൻെറ കാര്യവും അങ്ങനെ തന്നെ. എങ്കിലും കുട്ടികളുടെ ലോകത്ത് യുക്തിയും ശാസ്ത്രവുമില്ല. അവർക്ക് എന്തും വിശ്വസിക്കാൻ കഴിയും. എന്തും ഭാവനയിൽ കാണാൻ കഴിയും. ഹാരി പോട്ടർ പുസ്തകങ്ങളുടെ വിജയത്തിൻെറ പിന്നിലെ രഹസ്യവും ഇതുതന്നെ.

ശാസ്ത്രം ഇത്രത്തോളം പുരോഗമിച്ചു കഴിഞ്ഞ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജനം മന്ത്രവാദത്തിലേക്ക് തിരിയുന്നു എന്നത് അവിശ്വസനീയമായ കാര്യമാണ്. പക്ഷേ, ഹാരി പോട്ടർ പുസ്തകങ്ങൾ മന്ത്രവാദത്തിൻെറ ഉയിർത്തെഴുന്നേല്പിന് കാരണമായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

ഈ നോവൽ പരമ്പരയിൽ നല്ല മന്ത്രവാദികളും ദുഷ്ടരായ മന്ത്രവാദികളും ഉണ്ട്. മന്ത്രവാദം കൊണ്ട് നൻമ ചെയ്യാൻ കഴിയും എന്ന സന്ദേശം ഹാരി പോട്ടർ നോവലുകൾ നൽകുന്നു. അത് കുട്ടികളെ മന്ത്രവാദത്തിലേക്ക് അടുപ്പിക്കുന്നു. അതോടൊപ്പം വിലക്കപ്പെട്ടത് നേടാനുള്ള ത്വര പലരേയും ദുർമ്മന്ത്രവാദത്തിലേക്കും നയിക്കുന്നു. ക്രമേണ അവർ സാത്താനിസത്തിൽ എത്തിച്ചേരുന്നു.



ജെ.കെ.റോലിങ്

ഹാരി പോട്ടർ പുസ്തകങ്ങൾ കുട്ടികളിലും മുതിർന്നവരിലും ഏതെല്ലാം വിധത്തിലാണ് സ്വാധീനം ചെലുത്തുന്നത് എന്ന വിഷയത്തേക്കുറിച്ച് ലോകമെമ്പാടും പഠനങ്ങൾ നടന്നുവരുന്നു.

കുട്ടികളെ സാത്താനിസത്തിലേക്ക് ആകർഷിക്കാനുള്ള സാത്താന്യ തന്ത്രത്തിൻെറ ഭാഗമാണ് ഹാരി പോട്ടർ പുസ്തകങ്ങൾ എന്ന നിലപാടാണ് ബൈബിൾ പണ്ഡിതർക്കുള്ളത്. മന്ത്രവാദവുമായി ബന്ധമുള്ളതെല്ലാം സാത്താന്യ ശക്തികളുടെ നിയന്ത്രണത്തിലാണെന്നും മന്ത്രവാദത്തിലേക്ക് ആകർഷിക്കപ്പെടുന്ന കുട്ടികൾ കാലക്രമത്തിൽ സാത്താൻെറ അടിമകളാകുമെന്നും അവർ പറയുന്നു.

ഭാവനയുടെ ലോകത്ത് നിയന്ത്രണമില്ലാതെ സഞ്ചരിക്കാൻ കുട്ടികൾക്ക് കഴിയും. ഹാരി പോട്ടറേപ്പോലെ ഒരു മന്ത്രവാദിയായിത്തീരാൻ അവർ ആഗ്രഹിക്കും. അത് നേടിയെടുക്കാനായി അവർ പരിശ്രമിക്കും എന്നതിനും സംശയമില്ല. മാത്രമല്ല, ഹാരി പോട്ടർ കഥകളിൽ പറയുന്നതെല്ലാം സത്യമാണെന്ന് കുട്ടികൾ വിശ്വസിക്കാൻ ഇടയാകും. അതും അവരുടെ ഭാവിയെ ബാധിക്കും.

മന്ത്രവാദത്തേയും മറ്റും കടുത്ത ഭാഷയിലാണ് ബൈബിൾ അപലപിച്ചിട്ടുളളത്. "തൻെറ മകനേയോ മകളേയോ അഗ്നിപ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ, മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുളളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവയ്ക്ക് വെറുപ്പാകുന്നു".
ആവർത്തനം 18:11,12.

യഹോവ വെറുക്കുന്നു എന്ന് പറഞ്ഞ കാര്യങ്ങളൊക്കെയാണ് ഹാരി പോട്ടർ കൃതികളിലുളളത്. ഇളംമനസ്സുകളെ ഇത് എത്രത്തോളം സ്വാധീനിക്കുന്നു എന്നതിൻെറ തെളിവാണ് ഹാരി പോട്ടർ പുസ്തകങ്ങൾക്കു ലഭിച്ച സ്വീകരണം.

ശക്തിമാൻ എന്ന ടി.വി. പ്രോഗ്രാം കുട്ടികളെ ഏതു വിധത്തിൽ ബാധിച്ചു എന്ന് നാം കണ്ടതാണ്. ഹാരി പോട്ടർ പുസ്തകങ്ങളും സിനിമകളും ഇതിനേക്കാൾ ഗുരുതരമായ ഫലമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ടത്രേ ക്രൈസ്തവ വേദപണ്ഡിതർ ഹാരി പോട്ടർ കൃതികളെ ഇത്ര നിശിതമായി വിമർശിക്കുന്നത്.



RNI No. 68089 / 97
2005 May 16

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05


# ADMISSIONS 2005

**B. Sc. Nursing, General Nursing, M.B. B. S., B. D. S., B.E., B. Tech., M. B. A. Lateral Entry, , B. Pharm., M. C. A., B. P. T., B.A.M.S., D. H. M. S., D. H. M., B. B. M., M. S. W., B. Sc./M.Sc. (Bio Technology, Bio Chemistry, Micro Biology, Genetics, Electronics, Bio Informatics, Fashion Technology, Poly Technic, Mass Communication) M.Sc. Hospital Administration, B. Ed.**

**എല്ലാവിധ അംഗീകാരങ്ങളുമുള്ള മികച്ച കോളേജുകളിൽ എല്ലാ പ്രൊഫഷനൽ കോഴ്സുകൾക്കും ഉത്തരവാദിത്വത്തോടുകൂടി അഡ്മിഷൻ ലഭിക്കുന്നതിന് സഹായിക്കുന്നു.**



Join for an internationally recognized
B. E. Hons Degree
in India with placement assurance in reputed software & multinational companies.
**B.E. LATERAL ENTRY** to Poly Technic Holders (All Branches) with 50 % marks.

Asianet Global എല്ലാ ഞായറാഴ്ചയും വൈകിട്ട് 6. 30 മുതൽ 7 വരെ Global Educational Helpline Trust നെക്കുറിച്ചുള്ള റ്റി. വി. പ്രോഗ്രാം +2 കഴിഞ്ഞവരും ഡിഗ്രിക്കു പഠിക്കുന്നവരും ഡിഗ്രികഴിഞ്ഞവരുമായ വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താകളും മറ്റ് അഭ്യുദയ കാംക്ഷികളും ശ്രദ്ധിക്കുന്നത് ഉപരിപഠനത്തിനു സഹായകമാകും.

*ദേശിയ, സംസ്ഥാന അവാർഡ് ജേതാക്കൾ ഉൾപ്പെടെ 150-ൽ അധികം റിട്ടയേർഡ് അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ തുടങ്ങിയ പ്രമുഖ വ്യക്തികൾ നേതൃത്വം കൊടുക്കുന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റാണ് Global Educational Helpline Trust (Reg. BLN-4/00429).*

## Global Educational Helpline Trust

**Cochin Office** : Near Post Office, Opp. Private Bus Stand, Kakkanad. Ph : 93884 87626, 93884 37716, 93884 37717

**Bangalore Office** : Manipal Centre, M. G. Road, Ph : 09341718563
www.globaltrust.in, email : info@globaltrust.in

Chairman : **Mr. K. C. Jacob** (Rtd. Headmaster, State Teachers' Award Winner, Former President of Kerala Private Secondary School Headmasters' Association)
Ph : 09341718563, 9388487626, 9447321055, 0490-2493613 (O), 2454539 (R)


# വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ



വിശ്വാസികളും ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കേണ്ട എല്ലാ ഉപദേശ വിഷയങ്ങളും ഉൾക്കൊള്ളുന്ന സി.ഡി.കൾ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്നു. MP3 ഫോർമാറ്റിൽ 10 ഓഡിയോ സി.ഡി.കൾ പുറത്തിറക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 120 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ സ്റ്റഡിയാണിത്.

## സി.ഡികളുടെ ഉള്ളടക്കം

**C.D.-1.** രക്ഷയെ ബാധിക്കുന്ന അടിസ്ഥാനവേദോപദേശങ്ങളാണ് ഈ സി.ഡിയിൽ ഉണ്ടാകുക. രക്ഷ, വിശ്വാസ സ്നാനം, പരിശുദ്ധാത്മാഭിഷേകം തുടങ്ങിയ വിഷയങ്ങളെല്ലാം ഉണ്ടാകും.

**C.D.-2.** കൾട്ടുകളെക്കുറിച്ചുള്ള പഠനമാണ് രണ്ടാമത്തെ സി.ഡി.യിൽ ഉണ്ടാകുക. യഹോവ സാക്ഷികൾ, ശാബതുകാർ, മോർമോൺ ക്രിസ്റ്റാഡെൽഫിയൻ, ക്രിസ്ത്യൻ സയൻസ് തുടങ്ങിയ പ്രധാനകൾട്ടുകളെക്കുറിച്ചെല്ലാമുള്ള പഠനങ്ങൾ ഉണ്ടാകും.

**C.D.-3.** ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് മൂന്നാമത്തെ സി.ഡി.യുടെ ഉള്ളടക്കം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ, ദുരാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി തിരിച്ചാണ് പഠനം നടത്തുക. ആത്മവിവശത, ഹിപ്നോട്ടിസം, യോഗാഭ്യാസം, പ്രാണിക് ഹീലിംഗ് തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങളും ഉണ്ടാകും.

**C.D.-4.** നാലാമത്തെ സി.ഡയിൽ ദുരുപദേശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തുക. ദൈവസഭയെ തകർക്കാനായി സാത്താൻ പ്രചരിപ്പിക്കുന്ന പ്രധാനപ്പെട്ട ദുരുപദേശങ്ങളെല്ലാം ഈ സി.ഡി.യിൽ പഠനവിധേയമാക്കും.

**C.D.-5.** പ്രധാനപ്പെട്ട ലോക മതങ്ങളെക്കുറിച്ചുള്ള വിശദമായ പഠനങ്ങളായിരിക്കും അഞ്ചാമത്തെ സി.ഡി.യുടെ ഉള്ളടക്കം. ഹിന്ദുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്കുമതം തുടങ്ങിയവയെല്ലാം ഉണ്ടാകും. അന്യമതങ്ങളിൽ വിശ്വസിക്കുന്നവരോട് സുവിശേഷം അറിയിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ സി.ഡി. സഹായകമാകും.

**C.D.-6.** ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ആറാമത്തെ സി.ഡി.യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യേശു പറഞ്ഞ ഉപമകൾ ഉൾപ്പെടെയുള്ള നിരവധി വ്യാഖ്യാനപ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതാണ്.

**C.D.-7.** ഭാവികാല ശാസ്ത്രത്തെക്കുറിച്ചുള്ള വിശദമായ പഠനമാണ് ഏഴാമത്തെ സി.ഡി.യിൽ ഉണ്ടാകുക. സ്വർഗ്ഗം, നരകം, പാതാളം തുടങ്ങിയ വിഷയങ്ങളോടൊപ്പം ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം എന്നിവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകും.

**C.D.-8, 9, 10.** ബൈബിളുമായി ബന്ധപ്പെട്ട നൂറുകണക്കിന് സംശയങ്ങൾക്ക് ഉചിതമായ മറുപടി പറയാൻ കഴിയാതെ വിശ്വാസികളും ശുശ്രൂഷകന്മാരും കുഴയാറുണ്ട്. ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് 8,9,10 എന്നീ സി.ഡി.കളിൽ ഉണ്ടാകുക.

**പ്രസിദ്ധീകരണം:**
**2005 ജൂൺ മുതൽ മാസത്തിൽ ഒരു സി.ഡി. വീതം**
**വില: 10 സി.ഡി. അടങ്ങുന്ന ഒരു സെറ്റ് – 1000 രൂപ**
**മുൻകൂർ ബുക്കിങ്ങ്: 750 രൂപ മാത്രം പോസ്റ്റേജ് സൗജന്യം**
**കൂടുതൽ വിവരങ്ങൾക്ക്: 94474 14608**

മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് തുടങ്ങിയവ അയയ്ക്കേണ്ട വിലാസം:

**റ്റി.എസ്.ബാലൻ**
**ആനന്ദ് ഭവൻ, പെരുമ്പാവൂർ പി.ഒ., എറണാകുളം.**
**പിൻ 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan